2023
DECEMBER
07
THURSDAY
Special Issue-e Paper
E-mail: societytodaynews@gmail.com

# സൊസൈറ്റി ടുഡേ

OJUSET capsules
ഓജസെറ്റ് ക്യാപ്സൂൾ
SINCE 1995

## മജിസ്ട്രേറ്റുമാരും സബ് ജഡ്ജിമാരും ഇനി സിവിൽ ജഡ്ജിമാർ

**തിരുവനന്തപുരം:** കേരള ജുഡീഷ്യൽ സർവീസിലെ മുൻസിഫ് മജിസ്ട്രേറ്റ്, സബ്ജഡ്ജ് /ചീഫ് ജുഡീഷ്യൽ മജിസ്ട്രേറ്റ് എന്നീ തസ്തികളുടെ പേരുകൾ പുനർനാമകരണം ചെയ്യാൻ മന്ത്രിസഭായോഗം തീരുമാനിച്ചു.

മുൻസിഫ് മജിസ്ട്രേറ്റ് എന്നത് സിവിൽ ജഡ്ജ് (ജൂനിയർ ഡിവിഷൻ) എന്നും സബ് ജഡ്ജ് / ചീഫ് ജുഡീഷ്യൽ മജിസ്ട്രേറ്റ് എന്നത് സിവിൽ ജഡ്ജ് (സീനിയർ ഡിവിഷൻ) എന്നുമാണു പുനർനാമകരണം ചെയ്യുക. ഇതിനായി 1991 ലെ കേരള ജുഡീഷ്യൽ സർവീസ് ചട്ടങ്ങൾ ഭേദഗതി ചെയ്യും. സുപ്രീംകോടതിയുടെ നിർദേശപ്രകാരമാണു മാറ്റം.

## ഫിക്സഡ് ഡെപ്പോസിറ്റുകളുടെ പലിശ കൂട്ടി



**കൊച്ചി:** വിവിധ സ്ഥിരനിക്ഷേപങ്ങളുടെ പലിശ നിരക്കുകൾ ഫെഡറൽ ബാങ്ക് വർധിപ്പിച്ചു. 500 ദിവസം കാലാവധിയുള്ള റെസിഡൻറ്, നോൺ റെസിഡൻറ് നിക്ഷേപങ്ങളുടെ പലിശ നിരക്ക് 7.50 ശതമാനമായാണ് വർധിപ്പിച്ചിരിക്കുന്നത്.

കാലാവധിക്ക് ശേഷം മാത്രം പിൻവലിക്കാവുന്ന സ്ഥിരനിക്ഷേപങ്ങൾക്ക് ഇതേ കാലയളവിൽ 7.65 പലിശ ലഭിക്കും. മുതിർന്ന പൗരന്മാർക്ക് പരമാവധി 8.15 ശതമാനം വരെ ലഭിക്കുന്നതാണ്. 21 മാസം മുതൽ മൂന്ന് വർഷം വരെ കാലാവധിയുള്ള നിക്ഷേപങ്ങൾക്ക് മുതിർന്ന പൗരന്മാർക്ക് 7.80 ശതമാനം പലിശ ലഭിക്കും.

ഇതേ കാലയളവിലുള്ള, കാലാവധിക്കു മുമ്പ് പിൻവലിക്കാവുന്ന നിക്ഷേപങ്ങൾക്ക് 7.05 ശതമാനവും കാലാവധിക്കു ശേഷം മാത്രം പിൻവലിക്കാവുന്നവയ്ക്ക് 7.30 ശതമാനവുമാണ് മറ്റുള്ളവർക്കു ലഭിക്കുക

# വിദ്യാർഥി വീസ: കുടിയേറ്റ നിയന്ത്രണം പരിശോധന കർശനമാക്കി രാജ്യങ്ങൾ



**ന്യൂഡൽഹി:** കുടിയേറ്റം നിയന്ത്രിക്കുകയെന്ന ലക്ഷ്യത്തോടെയാണു യുകെ വിദ്യാർഥികളുടെ വീസാവ്യവസ്ഥകളിൽ ഉൾപ്പെടെ മാറ്റം വരുത്താൻ തീരുമാനിച്ചിരിക്കുന്നത്. കാനഡ, ഓസ്ട്രേലിയ തുടങ്ങി പല രാജ്യങ്ങളും സമാന ചർച്ചകൾ ആരംഭിച്ചിട്ടുണ്ടെങ്കിലും തീരുമാനങ്ങളെടുത്തിട്ടില്ല. അതേസമയം, ഇന്ത്യൻ വിദ്യാർഥികൾക്കു വീസ അനുവദിക്കുന്നതുൾപ്പെടെയുള്ള കാര്യങ്ങളിൽ പുതിയ പല മാനദണ്ഡങ്ങളും പല രാജ്യങ്ങളും കൊണ്ടുവന്നിരുന്നു.

വിദ്യാർഥി വീസ അനുവദിക്കുന്നതിനു മുൻപുള്ള പരിശോധന ഈ മാസം പ്രാബല്യത്തിലായി. വിദ്യാർഥികൾക്ക് അംഗീകൃത വിദ്യാഭ്യാസ സ്ഥാപനങ്ങൾ നൽകുന്ന ഓഫർ ലെറ്റർ യഥാർഥമാണോയെന്ന് കാനഡ ഇമിഗ്രേഷൻ ഏജൻസിയായ ഐആർസിസി നേരിട്ടു പരിശോധിച്ചുറപ്പിക്കും. വ്യാജ ഓഫർ ലെറ്റർ വഴി റിക്രൂട്ടിങ് ഏജൻസികൾ വിദ്യാർഥികളെ വഞ്ചിക്കുന്നതു തടയാനാണിത്. വ്യാജ ഓഫർ ലെറ്ററുമായി വിദ്യാർഥി വീസ നേടിയ എഴുനൂറോളം പഞ്ചാബി വിദ്യാർഥികളെ നാടുകടത്താൻ കാനഡ ഈ വർഷമാദ്യം തീരുമാനിച്ചിരുന്നു. ബിരുദാനന്തര വർക്ക് പെർമിറ്റ് (പിജിഡബ്ല്യുപി) അനുവദിക്കുന്നതിലും ഇടപെടാൻ ഐആർസിസി തീരുമാനിച്ചിട്ടുണ്ട്.

ഇന്ത്യ കാനഡ നയതന്ത്രബന്ധം മോശമായതിനു പിന്നാലെ കാനഡയിലേക്കുള്ള സ്റ്റഡി വീസയുടെ എണ്ണത്തിൽ ഗണ്യമായ കുറവുണ്ടായെന്നും കണക്കുകൾ വ്യക്തമാക്കുന്നു. ജൂലൈ ഒക്ടോബർ കാലയളവിൽ വീസ അപേക്ഷകൾ 40% കുറഞ്ഞു. കഴിഞ്ഞ വർഷം ഇതേ കാലയളവിൽ 1,45,881 വീസയാണ് അനുവദിച്ചതെങ്കിൽ ഇക്കൊല്ലമത് 86,562 ആയി ചുരുങ്ങി.

ഇന്ത്യൻ വിദ്യാർഥികളുടെ വീസ അപേക്ഷയ്ക്കൊപ്പം വ്യാജ രേഖകൾ കണ്ടെത്തിയതോടെ കഴിഞ്ഞ വർഷം നവംബറിൽ ഡൽഹിയിൽ ജർമനി അക്കാദമിക് ഇവാലുവേഷൻ സെന്റർ (എപിഎസ്) തുറന്നു. രേഖകൾ ഇവിടെ സമർപ്പിച്ചു വിലയിരുത്തി സർട്ടിഫിക്കറ്റ് ലഭിച്ചാൽ മാത്രമേ തുടർനടപടികൾ സ്വീകരിക്കാനാകൂ. വീസ നടപടികൾ പൂർത്തിയാക്കാനുള്ള സമയം കൂടിയെന്നു പരാതി ഉയർന്നെങ്കിലും ഇതു പരിഹരിക്കാനുള്ള പല നടപടികളും സ്വീകരിച്ചിട്ടുണ്ട്.

## സപ്ലൈകോ സമ്പൂർണ കാലി; ക്രിസ്മസ് പ്രതീക്ഷ വേണ്ട

**കോട്ടയം:** നവകേരള സദസ് കെങ്കേമമായി മുന്നേറുമ്പോഴും ക്രിസ്മസിന് കിറ്റും കേക്കുമൊന്നും സർക്കാരിൽനിന്നു പ്രതീക്ഷിക്കേണ്ട. സാധാരണക്കാർക്കു നേരിയ വിലക്കുറവിൽ സാധനങ്ങൾ ലഭിച്ചിരുന്ന സപ്ലൈകോയിൽ ക്രിസ്മസിന് ഒരു വകയുമുണ്ടാകില്ല. ഇനിയും കടംതരാൻ തയാറല്ലെന്ന് നിത്യോപയോഗസാധനങ്ങൾ എത്തിക്കുന്ന കമ്പനികൾ വ്യക്തമാക്കിയിരിക്കുന്നു.ഇപ്പോൾത്തന്നെ കാലിയാണ് സപ്ലൈകോ ഔട്ട്ലറ്റുകൾ. സാധനങ്ങൾ വാങ്ങാൻ ടെൻഡർ ക്ഷണിച്ചിട്ട് സപ്ലൈകോയിൽ സാധനങ്ങൾ എത്തിക്കാൻ ഒരു കമ്പനി പോലും തയാറല്ല. സാധനങ്ങൾ വാങ്ങാൻ പത്തു ദിവസം മുന്പ് നോട്ടിസ് നൽകുകയും ടെൻഡറിനു ശേഷം ആദ്യ ഗഡു വിതരണത്തിന് 15 ദിവസം സമയം നൽകുകയും വേണം. ഈ നിലയ്ക്ക് ക്രിസ്മസിനു മുന്പ് സപ്ലൈകോയിൽ സാധനങ്ങൾ വാങ്ങാമെന്ന പ്രതീക്ഷ വേണ്ട.

അരി, പഞ്ചസാര, വറ്റൽമുളക് എന്നിവയ്ക്കാണ് സബ്സിഡിയുള്ള 13 ഇനങ്ങളിൽ ഏറ്റവുമധികം ആവശ്യക്കാരുള്ളത്. വിപണിവില അധികമായതിനാൽ മുളക് കഴിഞ്ഞ മൂന്നു മാസവും സപ്ലൈകോ ടെൻഡറിൽ ഉൾപ്പെടുത്തിയില്ല. വെള്ളക്കടല, ഗ്രീൻപീസ് തുടങ്ങിയ സബ്സിഡി ഇതര സാധനങ്ങൾ എത്തിക്കാൻ ചിലർ തയാറായെങ്കിലും അഡ്വാൻസ് ലഭിക്കാതെ തരില്ലെന്നാണു നിലപാട്.

## ആവശ്യക്കാരേറുന്നു മില്ലെറ്റുകൾക്ക് വില കൂട്ടുന്നു



**കൊച്ചി:** ഒരു കാലത്ത് നാടൻ ഭക്ഷണമായി കണക്കാക്കിയിരുന്ന മില്ലെറ്റുകൾ (ചെറുധാന്യങ്ങൾ) ഇന്ന് ഇന്ത്യൻ വിപണി കീഴടക്കുകയാണ്. അന്താരാഷ്ട്ര മില്ലെറ്റ് വർഷ പ്രചാരണങ്ങളുടെ ചുവടുപിടിച്ച് റാഗി, ജോവർ തുടങ്ങി വിവിധയിനം മില്ലെറ്റുകളുടെ വില ഒരു വർഷത്തിനിടെ 40% മുതൽ 100% വരെ ഉയർന്നതായാണ് റിപ്പോർട്ട്.

ഈ മേഖലയിലേക്കുള്ള ബഹുരാഷ്ട്ര കമ്പനികളുടെ വരവ് ഡിമാൻഡ് വർധിപ്പിച്ചു. മില്ലെറ്റിൻറെ പരമ്പരാഗത ഉപയോഗ രീതികൾക്കപ്പുറം ആളുകൾക്കിടയിൽ മില്ലെറ്റ് ഉപയോഗിച്ചുള്ള പാസ്ത, ന്യൂഡിൽസ്, ലഘുഭക്ഷണങ്ങൾ, പ്രഭാതഭക്ഷണങ്ങൾ തുടങ്ങിയവയുടെ ഉപയോഗം വർധിച്ചതോടെ മില്ലെറ്റിൻറെ ഡിമാൻഡ് ഉയരുകയും മില്ലെറ്റ് വ്യവസായ മേഖല മെച്ചപ്പെടുകയും ചെയ്തു. മില്ലെറ്റ് വളരുന്ന പ്രദേശങ്ങളിലെ അസ്ഥിരമായ കാലാവസ്ഥ മില്ലെറ്റ് വ്യവസായ മേഖല നേരിടുന്ന വലിയ വെല്ലുവിളിയാണ്. മഹാരാഷ്ട്ര, കർണാടക, തെലങ്കാന എന്നിവിടങ്ങളിലെ ജോവർ കൃഷി ചെയ്യുന്ന പ്രദേശങ്ങളിലെ വരൾച്ചയും ആന്ധ്രാപ്രദേശ്, കർണാടക, കേരളം എന്നിവിടങ്ങളിലെ അധിക മഴയും മില്ലെറ്റ് വിളകളുടെ ഉത്പാദനത്തിൽ ഇടിവുണ്ടാക്കുന്നുണ്ട്.

ഗോതമ്പ് പോലുള്ള മറ്റ് ഭക്ഷ്യധാന്യങ്ങളെ അപേക്ഷിച്ച് മില്ലെറ്റുകളുടെ ഉത്പാദനം താരതമ്യേന കുറവാണ്. എന്നാൽ ഉയർന്ന നിലവാരമുള്ള ജോവറും റാഗിയും ഗോതമ്പിനെ അപേക്ഷിച്ച് യഥാക്രമം 150 ശതമാനവും 45 ശതമാനവും കൂടുതൽ വിലയുള്ളവയാണ്. ഇന്ത്യയുടെ മില്ലെറ്റ് കയറ്റുമതി 202223 കാലയളവിൽ 610 കോടി രൂപയായിരുന്നു (7.54 കോടി യുഎസ് ഡോളർ).



# സായുധസേന പതാക ദിനാചരണം: പതാക നിധി സമാഹരണം ജില്ലാ കളക്ടർ ഉദ്ഘാടനം ചെയ്തു

**കൊച്ചി:** ജില്ലയിലെ സായുധസേന പതാക ദിനാചരണത്തിന്റെ ഭാഗമായി സംഘടിപ്പിച്ച പതാക നിധിയുടെ സമാഹരണം ജില്ലാ കളക്ടർ എൻ. എസ്. കെ ഉമേഷ് ഉദ്ഘാടനം ചെയ്തു. സായുധ സേന ഉദ്യോഗസ്ഥരുടെ ത്യാഗ പൂർണ്ണമായ ജീവിതത്തിന്റെ ഫല മായാണ് ഓരോ പൗരനും സുരക്ഷിതരായിരിക്കുന്നതെന്നും 24 മണിക്കൂർ വിശ്രമമില്ലാതെയുള്ള സേനയുടെ പ്രവർത്തനത്തിൽ നമ്മൾ കടപ്പെട്ടിരിക്കുന്നുവെന്നും ജില്ലാ കളക്ടർ പറഞ്ഞു.

എറണാകുളം ജില്ലാ സൈനിക ക്ഷേമ ഓഫീസിന്റെ ആഭിമു ഖ്യത്തിൽ കളക്ടറേറ്റ് പ്ലാനിങ് കോൺഫറൻസ് ഹാളിൽ സംഘ ടിപ്പിച്ച പരിപാടിയിൽ ജില്ലാ സൈനിക ബോർഡ് വൈസ് പ്രസി ഡന്റ് കേണൽ എം. ഒ ഡാനിയേൽ അധ്യക്ഷത വഹിച്ചു.

നാവികസേന കമാൻഡ് സി.ആർ.എസ്. ഒ ക്യാപ്റ്റൻ വി.രഞ് ജിത്ത് സുന്ദരൻ, റിട്ട. ജില്ല സൈനിക ക്ഷേമ ഓഫീസർ ലെഫ്. കേണൽ വി.ജെ. റീത്താമ്മ, ദക്ഷിണ, കേരള എക്സ് സർവീ സ്മെൻ വെൽഫെയർ അസോസിയേഷൻ പ്രസിഡന്റ് റിട്ട. കേ ണൽ മുരളീധരൻ കെ. രാജ, നാഷണൽ എക്സ്സർവീസ്മെൻ കോർഡിനേഷൻ കമ്മിറ്റി അഖിലേന്ത്യ സീനിയർ വൈസ് ചെ യർമാൻ വി. എസ്.ജോൺ, എറണാകുളം വെൽഫെയർ ഓർഗ നൈസർ ഷക്കീർ ഓടക്കൽ, വിവിധ വിദ്യാഭ്യാസ സ്ഥാപനങ്ങ ളിൽ നിന്നുള്ള എൻ.സി.സി കേഡറ്റുകൾ, വിമുക്തഭടന്മാർ തുട ങ്ങിയവർ പരിപാടിയിൽ പങ്കെടുത്തു.

രാഷ്ട്രത്തിനുവേണ്ടി ജീവൻ ത്യജിച്ച ധീര രക്തസാക്ഷികളോ ടുള്ള ആദരം അർപ്പിക്കുന്നതിനായാണ് എല്ലാ വർഷവും സായു ധസേന പതാക ദിനം ആചരിക്കുന്നത്. പതാക നിധിയിലൂടെ സമാഹരിക്കുന്ന തുക വിമുക്തഭടന്മാർക്കും സൈനികരുടെ വി ധവകൾക്കും മക്കൾക്കും സാമ്പത്തിക സഹായം നൽകാൻ ഉ പയോഗിക്കും.

# എസ്.ആർ.സി കമ്മ്യൂണിറ്റി കോളേജ് വിവിധ കോഴ്സുകൾക്ക് അപേക്ഷ ഓൺലൈനായി ക്ഷണിച്ചു

**കൊച്ചി:** എസ്.ആർ.സി കമ്മ്യൂണിറ്റി കോളേജ് 2024 ജനുവരി സെ ഷനിൽ സംഘടിപ്പിക്കുന്ന വിവിധ സർട്ടിഫിക്കറ്റ്ഡിപ്ലോമ കോഴ് സുകൾക്ക് അപേക്ഷകൾ ഓൺലൈനായി ക്ഷണിക്കുന്നു. യോ ഗ, കമ്പ്യൂട്ടർ ആപ്ലിക്കേഷൻ, ബ്യൂട്ടികെയർ മാനേജ്മെന്റ്, മാ നേജ്മെന്റ് ഓഫ് സ്പെസി ഫിക് ലേണിംഗ് ഡിസോഡേഴ്സ്, കൗൺസലിംഗ് സൈക്കോളജി, എയർലൈൻ ആന്റ് എയർപോ ർട്ട് മാനേജ്മെന്റ്, അപ്ലൈഡ് കൗൺസലിംഗ്, ഫസ്റ്റ് എയ്ഡ്, ഫി റ്റ്നെസ്സ് ട്രെയി നിംഗ്, അക്യുപ്രഷർ ആന്റ് ഹോളിസ്റ്റിക് ഹെൽ ത്ത് കെയർ, ഹോട്ടൽ മാനേജ്മെന്റ് ആന്റ് കാറ്ററിംഗ്, സംഗീത ഭൂഷണം. മാർഷ്യൽ ആർട്സ്. ലൈഫ് സ്കിൽ എഡ്യൂക്കേഷൻ, ലൈറ്റിംഗ് ഡിസൈൻ, ബാൻഡ് ഓർക്കസ്ട്ര, സംസ്കൃതം, ഫൈ നാൻഷ്യൽ അക്കൗണ്ടിംഗ്, ഡി.റ്റി.പി. വേഡ് പ്രോസസ്സിംഗ്, ഡേ റ്റാ എൻട്രി ഓപ്പറേറ്റർ, പി.ജി.ഡി.സി.എ. ട്രെയിനേഴ്സ് ട്രെയിനിം ഗ്, മോണ്ടിസ്സോറി, പെർഫോമിംഗ് ആർട്സ് ഭരതനാട്യം, സോ ളാർ ടെക്നോളജി, അഡ്വാൻസ്ഡ് വെൽഡിംഗ് ടെക്നോളജി, ഇ ലക്ട്രിക്കൽ ആന്റ് ഇലക്ട്രോണിക്സ് ടെക്നോ ളജി, ഇൻഡസ്ട്രി യൽ സേഫ്റ്റി മാനേജ്മെന്റ്, ഹെൽത്ത് ആന്റ് സേഫ്റ്റി മാനേജ് മെന്റ്. സേഫ്റ്റി ഓഫീസർ ട്രെയിനിംഗ്, സൗണ്ട് എഞ്ചിനീയറിം ഗ് ആന്റ് സൗണ്ട് റെക്കോർഡിംഗ് തുടങ്ങിയ മേഖലകളിലാണ് കോഴ്സുകൾ നടത്തുന്നത്.

ഡിപ്ലോമ കോഴ്സിന് ഒരു വർഷവും സർട്ടിഫിക്കറ്റ് കോഴ്സി ന് ആറു മാസവുമാണ് പഠന കാലയളവ്. മൂന്ന് മാസത്തെ കാലാ വധിയുള്ള ഹ്രസ്വകാല സർട്ടിഫിക്കറ്റ് കേഴ്സുകളും ഉണ്ട്. കോ ഴ്സുകളുടെ വിശദവി വരങ്ങളടങ്ങിയ പ്രോസ്പെക്ടസ് wwws. rccc.in എന്ന വെബ്സൈറ്റിൽ നിന്ന് ലഭിക്കും. 18 വയസ്സിനു മേൽ പ്രായമുള്ള നിശ്ചിത യോഗ്യതയുള്ള ആർക്കും അപേക്ഷി ക്കാം. ഉയർന്ന പ്രായപരിധി ഇല്ല. ആപ്ലിക്കേഷൻ ഓൺലൈനാ യി https://apps.rccc.in/register എന്ന ലിങ്കി ലൂടെ സമർപ്പിക്കാ വുന്നതാണ്. വിശദവിവരങ്ങൾ തിരുവനന്തപുരം നന്ദാവനത്തുള്ള എസ്.ആർ.സി ഓഫീസിൽ നിന്നും നേരിട്ടും ലഭ്യമാണ്

ബന്ധപ്പെടേണ്ട വിലാസം: ഡയറക്ടർ, സ്റ്റേറ്റ് റിസോഴ്സ് സെന്റർ, നന്ദാവനം, വികാസ് ഭവൻ.പി.ഒ. തിരുവനന്തപുരം 695 033 ഫോൺ 04712325101, 8281114464.

# ദർഘാസ് ക്ഷണിച്ചു

**സുൽത്താൻ ബത്തേരി:** എൻ ഊരുഗോത്ര പൈതൃക ഗ്രാമ ത്തിലെസ്റ്റാളുകൾ വാടകയ്ക്കെടുത്ത് നടത്താൻ താൽപ്പര്യമു ള്ള പട്ടികവർഗ്ഗ വ്യക്തികൾ, പട്ടികവർഗ്ഗത്തിൽപ്പെട്ട വ്യക്തികളു ടെ സ്വാശ്രയസംഘങ്ങൾ, പട്ടികവർഗ്ഗ സഹകരണസംഘങ്ങൾ, പട്ടികവർഗ്ഗ ചാരിറ്റബിൾ സൊസൈറ്റികൾ, എന്നിവരിൽ നിന്നും ദർഘാസ് ക്ഷണിച്ചു.ദർഘാസ് ജനുവരി 8 നകം നൽകണം. ഫോൺ:9778783522

# ടർട്ടിൽ വാക്സ് ഇന്ത്യ പുതിയ കോബ്രാൻഡഡ് സ്റ്റുഡിയോ തുറന്നു

**കൊച്ചി:** ഷിക്കാഗോ ആസ്ഥാന മായി പ്രവർത്തിക്കുന്ന അവാർഡ് വിന്നിങ് അമേരിക്കൻ കാർ കെ യറിങ് ബ്രാൻഡായ ടർട്ടിൽ വാ ക്സ്, ഗ്രീൻ ഡ്രൈവ് കാർ കെ യറുമായുള്ള പങ്കാളിത്തത്തോ ടെ തൊടുപുഴയിൽ കോബ്രാൻ ഡഡ് കാർ കെയർ സ്റ്റുഡിയോ തുറന്നു. പരിചയസമ്പന്നരായ പ്രൊഫഷണലുകളുടെ സഹായ ത്തോടെ അത്യാധുനിക ടർട്ടിൽ വാക്സ് ഡീറ്റെയ്ലിങ് ടെക്നോ ളജിയും, ഉപയോഗിക്കാൻ എളുപ്പ വുമായ ടർട്ടിൽ വാക്സ് ഉൽപ്പന്ന ങ്ങളും, അവ ഉപയോഗിച്ചുള്ള ഡീ റ്റെയ്ലിങ് സേവനങ്ങളുമാണ് ടർ ട്ടിൽ വാക്സിന്റെ കാർകെയർ സ്റ്റു ഡിയോയിൽ ലഭ്യമാവുകയെന്ന് ക മ്പനി അധികൃതർ അറിയിച്ചു.



കാർ കെയർ, ഡീറ്റെയ്ലിങ് മേഖ ലകളിൽ വർഷങ്ങളായി വൈദഗ്ധ്യ മുള്ള സേവനങ്ങൾ നൽകുന്ന കമ്പ നിയാണ് ഗ്രീൻ ഡ്രൈവ് കാർ കെ യർ. പ്രൊഫഷണൽ വാഹന പരി പാലനത്തിനും ശുചിത്വത്തിനും വേണ്ടിയുള്ള ഉപഭോക്തൃ ആവശ്യ ങ്ങൾ നിറവേറ്റുന്നതാണ് ടർട്ടിൽ വാ ക്സ് കാർ കെയർ സ്റ്റുഡിയോ. ടർ ട്ടിൽ വാക്സിന്റെ സെറാമിക്, ഗ്രാ ഫീൻ ശ്രേണിയിൽ നിന്നുള്ള നിര വധി കെയർ പാക്കേജുകൾ സ്റ്റുഡി യോ വാഗ്ദാനം ചെയ്യുന്നു. ടർട്ടിൽ വാക്സിന്റെ പേറ്റന്റഡ് ഗ്രാഫീൻ സാങ്കേതികവിദ്യയുള്ള ഹൈബ്രി ഡ് സൊല്യൂഷൻസ്, ഹൈബ്രിഡ് സൊല്യൂഷൻസ് പ്രോ തുടങ്ങിയ ടർട്ടിൽ വാക്സ് ഉൽപ്പന്നങ്ങൾ നൽ കുന്ന പ്രൊഫഷണൽ ഫലങ്ങളും കാർ കെയർ സ്റ്റുഡിയോയിലെ ഉ പഭോക്താക്കൾക്ക് അനുഭവിക്കാം. കേരളത്തിൽ നിന്ന് കാർ കെയ റിൽ വർധിച്ചുവരുന്ന താൽപര്യം ഞങ്ങൾ കണ്ടുവെന്നും, അതുകൊ ണ്ടാണ് ഇവിടെ മറ്റൊരു കാർ കെ യർ സ്റ്റുഡിയോ തുറക്കാൻ തീരുമാ നിച്ചതെന്നും ടർട്ടിൽ വാക്സ് കാർ കെയർ ഇന്ത്യ പ്രൈവറ്റ് ലിമിഡറ്റി ന്റെ മാനേജിങ് ഡയറക്ടർ സാജൻ മുരളി പുറവങ്കര പറഞ്ഞു. കാർ കെയറിങ്ങിലെ ആഗോള മുൻനിര ക്കാരെ പങ്കാളിയാക്കാനും പ്രതിനി ധീകരിക്കാനും കഴിഞ്ഞതിൽ ഞ ങ്ങൾ ഏറെ സന്തോഷഭരിതരാണെ ന്ന് ഗ്രീൻ ഡ്രൈവ് കാർ കെയർ ഉട മ സിജോ ജോസ് പറഞ്ഞു.

# ശുചിത്വബോധം വളർത്തൽ: ദേശീയ കൈകഴുകൽ വാരാചരണവുമായി കൊച്ചി ആസ്റ്റർ മെഡ്സിറ്റി

**കൊച്ചി:** ശുചിത്വബോധം വളർത്തു കയെന്ന ലക്ഷ്യത്തോടെ കൊച്ചി ആസ്റ്റർ മെഡ്സിറ്റിയുടെ നേതൃത്വ ത്തിൽ ഡിസംബർ എട്ടുവരെ ദേശീ യ കൈകഴുകൽ വാരാചരണം സം ഘടിപ്പിക്കുന്നു. കോവിഡ് ഭീതി അ കന്നതോടെ കൈ കഴുകാൻ മറന്ന മലയാളിയെ തേടി പലതരം അസു ഖങ്ങളാണ് എത്തുന്നത്.

ഈ സാഹചര്യത്തിൽ ഒരിക്കൽ കൂടി കൈ കഴുകാൻ പഠിപ്പിക്കുക യാണ് കൊച്ചി ആസ്റ്റർ മെഡ്സിറ്റി. ദേശീയ കൈ കഴുകൽ വാരാചര ണത്തിന്റെ ഭാഗമായി ആസ്റ്റർ മെ ഡ്സിറ്റി തയ്യാറാക്കിയ പോസ്റ്ററുക ളിലാണ് എപ്പോഴൊക്കെ കൈ കഴു കണം എന്ന് പഠിപ്പിക്കുന്നത്. സോ പ്പിടാൻ സമയമുണ്ട് എന്ന ആശയ ത്തിൽ പഴയകാല സിനിമകളിൽ നമ്മെ ചിരിപ്പിച്ച സീനുകളെ ആ സ്പദമാക്കി തയ്യാറാക്കിയ പോസ്റ്റ റുകൾ ഒരേ സമയം ചിരിപ്പിക്കുന്ന തും ചിന്തിപ്പിക്കുന്നതുമാണ്. അത് കൊണ്ട് തന്നെ ശ്രദ്ധേയമാകുകയാ ണ് ആസ്റ്റർ മെഡ്സിറ്റിയുടെ ഇൻസ്റ്റ ഗ്രാം പേജിൽ പോസ്റ്റ് ചെയ്ത പോ സ്റ്റ് ചെയ്ത പോസ്റ്ററുകൾ.

വിവിധ ചലച്ചിത്രങ്ങളിലെ സീനു കളുടെ മെമേ ഉപയോഗിച്ചാണ് പോ സ്റ്ററുകൾ തയ്യാറാക്കിയിട്ടുള്ളത്.




ഇതിന് താഴെ എപ്പോഴൊക്കെ കൈ കഴുകണം എന്ന് കൂടി ചേർ ത്തിട്ടുണ്ട്. ആഹാരം ഉണ്ടാക്കുന്ന തിന് മുൻപും ശേഷവും, ഭക്ഷണം കഴിക്കുന്നതിന് മുൻപും ശേഷവും, ടോയ്ലറ്റ് ഉപയോഗിച്ച് കഴിഞ്ഞ ശേ ഷം, ചുമച്ചതിനും തുമ്മിയതിനും ശേഷം, വളർത്ത് മൃഗങ്ങളെ തൊ ട്ടതിന് ശേഷം, രോഗികളെ പരിച രിക്കുന്നതിന് മുൻപും ശേഷവും തുടങ്ങിയ സന്ദർഭങ്ങളെല്ലാം അനു യോജ്യമായ ചിത്രങ്ങളുടെ സഹാ യത്തോടെയാണ് കാണിച്ചിട്ടുള്ളത്. ജനങ്ങളുടെ മനസിലേക്ക് എളുപ്പ ത്തിൽ എത്തിക്കുക എന്ന ലക്ഷ്യ ത്തോടെയാണ് പോസ്റ്ററുകൾ ഡി സൈൻ ചെയ്തിട്ടുള്ളതെന്ന് കൊ ച്ചി ആസ്റ്റർ മെഡ് സിറ്റി അധികൃ തർ അറിയിച്ചു.

# ഹരിതോർജ്ജത്തിലേക്ക് സുസ്ഥിര സമീപനവുമായി ഡിപി വേൾഡ്

**കൊച്ചി:** ടെർമിനൽ പ്രവർത്തനങ്ങൾക്ക് ആവശ്യമായ ഊർജ്ജത്തിന്റെ കുറഞ്ഞത് 60ശതമാനം 2026ഓടെ പുനരുപയോഗ ഊർജ്ജ സ്രോതസുകളിൽ നിന്ന് കണ്ടെത്തുമെന്ന് ഡിപി വേൾഡ്. മാരിടൈം മേഖലയിൽ 2030 ഓടെ 60% ഹരിതോർജ്ജം ലഭ്യമാക്കുമെന്ന ഇന്ത്യ ഗവൺമെന്റിന്റെ മാരിടൈം വിഷൻ 2030 നിലപാടിൽ പ്രചോദിതമായ സുസ്ഥിര സമീപനമാണ് കൈക്കൊള്ളുന്നതെന്നു ഡിപി വേൾഡ് വ്യക്തമാക്കി.ലക്ഷ്യം കൈവരിക്കാൻ ഇന്ത്യയിലെ ടെർമിനൽ പ്രവർത്തനങ്ങളിൽ ഫോസിൽ ഇന്ധനത്തിൽ പ്രവർത്തിക്കുന്ന എല്ലാ ഉപകരണങ്ങളും വാഹനങ്ങളും വൈദ്യുതോർജ്ജത്തിലേക്ക് ഡിപി വേൾഡ് മാറ്റും.

നവാ ഷെവയിലെ എൻ എസ് ഐ ജി ടി, എൻ എസ് ഐ സി ടി എന്നീ രണ്ട് ടെർമിനലുകളിൽ ഹരിത ഊർജ്ജം ഇതിനകം പ്രാപ്യമാക്കാൻ ആരംഭിച്ചിട്ടുണ്ട്. ഇത് പരമ്പരാഗത വൈദ്യുതി ആവശ്യത്തിന്റെ 75% ത്തിനു പകരമാകും. കാർബൺ വാതകങ്ങൾ പുറംതള്ളുന്നതിൽ 50% കുറവുണ്ടാകുന്നതിനാണ് ഇത് വഴിയൊരുക്കുന്നത്.ടെർമിനൽ പ്രവർത്തനങ്ങൾ കൂടുതൽ ഹരിത പ്രേരിതവും ഫലപ്രദവുമാക്കാൻ പ്രതിജ്ഞാബദ്ധമാണെന്ന് ഡി പി വേൾഡ് ഇന്ത്യ സബ് കോണ്ടിനെന്റ്, നോർത്ത് ആഫ്രിക്ക, മിഡിൽ ഈസ്റ്റ് മാനേജിംഗ് ഡയറക്ടറും സി ഇ ഒയുമായ റിസ്വാൻ സൂമാർ പറഞ്ഞു. 2026 ഓടെ എല്ലാ ടെർമിനലുകളിലെയും വൈദ്യുതി ആവശ്യകതയുടെ 60% ഹരിത സ്രോതസ്സുകളിൽ നിന്ന് നിറവേറ്റാൻ പുരോഗമിക്കുമ്പോൾ മാരിടൈം ഇന്ത്യ വിഷൻ 2030 ന്റെ തത്വങ്ങളിൽ നിന്ന് പ്രചോദനം ഉൾക്കൊണ്ട് ബിസിനസ്സിനും സമൂഹത്തിനും മൂല്യം നൽകുന്ന ദേശീയ കാലാവസ്ഥാ അജണ്ട നിറവേറ്റുന്നതിനായി ഡിപി വേൾഡ് പ്രവർത്തിക്കും. ഇന്ത്യയിലെ എല്ലാ പ്രവർത്തനങ്ങൾക്കും ഉതകുന്ന ഹരിതോർജ്ജ സ്രോതസിനാണ് ലക്ഷ്യമിടുന്നതെന്നും അദ്ദേഹം പറഞ്ഞു.

ഇന്ത്യയിലെ ടെർമിനലുകളിൽ ഡിപി വേൾഡ് നിലവിൽ ഡീസലിൽ പ്രവർത്തിക്കുന്ന റബർ ടയേർഡ് ഗ്യാൻട്രി ക്രെയിനുകൾ വൈദ്യുതീകരണത്തിലേക്കു മാറ്റുകയാണ്. സൗരോർജ്ജ സംവിധാനങ്ങളും ഒരുക്കുന്നുണ്ട്. ഗുജറാത്തിലെ മുന്ദ്ര ഇന്റർനാഷണൽ കണ്ടെയ്നർ ടെർമിനലിൽ (എംഐസിടി) ആറ് പുതിയ ഇആർടിജിഎസുകളും കൊച്ചിയിലുള്ള ഇന്റർനാഷണൽ കണ്ടെയ്നർ ട്രാൻസ്ഷിപ്പ്മെന്റ് ടെർമിനലിൽ (ഐസിടിടി) നാല് പുതിയ ഇആർടിജികളും കമ്മീഷൻ ചെയ്തു.ആർ ടി ജി കളുടെ 100% വൈദ്യുതീകരണത്തിലേക്കുള്ള നീക്കം ടെർമിനലുകളിലൂടെയുള്ള കാർഗോ ട്രാൻസിറ്റിംഗിൽ കാർബൺ വാതക ബഹിർഗമനം ഗണ്യമായി കുറയ്ക്കുന്നു.

ഗുജറാത്തിലെ ട്യൂണടെക്രയിലുള്ള ഡിപി വേൾഡിന്റെ പുതിയ ഗ്രീൻഫീൽഡ് ടെർമിനൽ, ഭാവിയിൽ സുസ്ഥിരവും സുസ്ഥിരവുമാക്കുന്നതിന് ഗവൺമെന്റിന്റെ ഗ്രീൻ പോർട്ട്സ് മാർഗനിർദ്ദേശങ്ങൾ പൂർണ്ണമായും പാലിക്കും.ഗ്രീൻ പവർ പർച്ചേസ് കരാറുകൾ (പിപിഎകൾ), അധിക റൂഫ്ടോപ്പ് സോളാർ ഇൻസ്റ്റലേ ഷനുകൾ, ലോകാർബൺ ടെക്നോളജി സൊല്യൂഷനുകൾ എന്നിവ ഇന്ത്യയിലെ മുഴുവൻ മേഖലകളിലും പര്യവേക്ഷണം ചെയ്യുന്നത് തുടരും.

ആഗോളതലത്തിൽ 2040ഓടെ കാർബൺ ന്യൂട്രാലിറ്റിയും 2050ഓടെ നെറ്റ് സീറോ കാർബൺ ബഹിർഗമനവും കൈവരിക്കാൻ ഡിപി വേൾഡ് പ്രതിജ്ഞാബദ്ധമാണ്. 2030ഓടെ കാർബൺ പുറംതള്ളൽ 28% കുറയ്ക്കും.

ദുബൈയിൽ നടന്ന യു എൻ ക്ലൈമറ്റ് കോൺഫറൻസിൽ പ്രിൻസിപ്പൽ പാത്ത് വേ പാർട്ട്ണർ ആണ് ഡിപി വേൾഡ്.

# ജെ.ബി. കോശി കമ്മീഷൻ റിപ്പോർട്ട് പ്രസിദ്ധപ്പെടുത്തണം: കെ.സി.ബി.സി

**കൊച്ചി:** ക്രൈസ്തവ സമൂഹത്തിന്റെ പിന്നാക്കവസ്ഥ പഠിക്കാൻ നിയോഗിക്കപ്പെട്ട. ജെ.ബി. കോശി കമ്മീഷൻ സർക്കാരിനു സമർപ്പിച്ച റിപ്പോർട്ട് പ്രസിദ്ധപ്പെടുത്തണമെന്ന്പാലാരിവട്ടം പി.ഒ.സിയിൽ നടന്ന കേരള കത്തോലിക്ക മെത്രാൻ സമിതി (കെ.സി.ബി.സി) സമ്മേളനം സർക്കാരിനോട് ആവശ്യപ്പെട്ടു.

റിപ്പോർട്ടിൽ രേഖപ്പെടുത്തിയിട്ടുള്ള നിർദേശങ്ങളെ സംബന്ധിച്ച് പഠിക്കുന്നതിനായി വിവിധ വകുപ്പുകളെ സർക്കാർ ചുമതലപ്പെടുത്തിയതായി വാർത്തകളിൽ കണ്ടു. എന്നാൽ നാളിതുവരെ റിപ്പോർട്ട് പ്രസിദ്ധം ചെയ്തിട്ടില്ലാത്തതിനാൽ കമ്മീഷന്റെ കണ്ടെത്തലുകളും വിലയിരുത്തലുകളും എന്തെന്ന് പൊതുസമൂഹത്തിന് അറിയാനായിട്ടില്ല. ഈ സാഹചര്യത്തിൽ കമ്മീഷൻ റിപ്പോർട്ട് മുഴുവനായിതന്നെ സർക്കാർ പരസ്യമാക്കണം.മാത്രമല്ല പരിഹാരമായി കമ്മീഷൻ ചൂണ്ടിക്കാണിച്ചിട്ടുള്ള നിർദ്ദേശങ്ങൾ സഭാവിഭാഗങ്ങളുമായി ചർച്ച ചെയ്യാനും സർക്കാർ തയ്യാറാകണമെന്നും കെ.സി.ബി.സി സമ്മേളനം ആവശ്യപ്പെട്ടു.സമൂഹത്തിൽ അതിവേഗം സ്വാധീനിക്കപ്പെടുന്നതും വ്യക്തി സ്വാതന്ത്ര്യത്തിന്റെ ഭാഗമായിചിത്രീകരിക്കപ്പെടുന്നതുമായ സ്വവർഗ്ഗ വിവാഹം, ഗർഭഛിദ്രം, ലീവിങ് ടുഗതർ തുടങ്ങിയ ചിന്താഗതികൾ പരമ്പരാഗത സാമൂഹിക ജീവിത ധാരകളെ കീഴ്മേൽ മറിക്കുന്നതും ദൂരവ്യാപകമായ അരാജകത്വം സൃഷ്ടിക്കുന്നതുമാണെന്നും വിലയിരുത്തി. ഇത്തരം ചിന്താധാരകളെ പ്രോത്സാഹിപ്പിക്കുന്ന സാഹിത്യ രചനകളും സിനിമ, നാടകം, സീരിയൽ തുടങ്ങിയവയും വർദ്ധിച്ച തോതിൽ പ്രചരിപ്പിക്കപ്പെടുന്നുണ്ട്. ഇവ പുതുതലമുറയെ ഗണ്യമായി സ്വാധീനിക്കുന്നവയാണ്. സുസ്ഥിര സമൂഹ നിർമ്മിതിക്ക് എത്രമാത്രം ഇവ സഹായകരമാകുമെന്ന് ബന്ധപ്പെട്ടവർ ചിന്തിക്കണം.. സമഹത്തിൽ എല്ലാവർക്കും അവരവരുടേതായ (ുമരല) ഇടം നിലനിർത്തിക്കൊണ്ടുതന്നെ പുതിയ പ്രവണതകളെ വിലയിരുത്തുകയും വിവേചിക്കുകയും ചെയ്യണമെന്നും കെ.സി.ബി.സി ആവശ്യപ്പെട്ടു.

കേരള സഭാനവീകരണത്തിന്റെ രണ്ടാം ഘട്ടമായ 2024 യുവജന വർഷമായി ആചരിക്കാൻതീരുമാനിച്ചു. യുവജനങ്ങളുടെ ബൗദ്ധിക സമ്പത്ത് രാജ്യത്തിനു നഷ്ടമാകാൻ ഇടയാക്കുന്ന സാഹചര്യങ്ങൾ ഒഴിവാക്കപ്പെടുന്നതിന് ഭരണാധികാരികൾ അതീവ ജാഗ്രതപുലർത്തേണ്ടതുണ്ട്.വൈദികസന്യസ്ത രൂപീകരണത്തിൽ കാലോചിതമായ നവീകരണം ആവശ്യമാണെന്നും സമ്മേളനം നിർദ്ദേശിച്ചു.കാർബൺ ന്യൂട്രൽ ഇടവകകൾ കാലാവസ്ഥാവ്യതിയാനം യാഥാർഥ്യമായിരിക്കുന്നുവെന്ന വസ്തുത പരക്കെ എല്ലാവർക്കും ബോധ്യമായിരിക്കുകയാണ്. ഇടവകകൾ കാർബൺ ന്യൂട്രൽ ആക്കുന്നതിന് ബന്ധപ്പെട്ടവർ ശ്രദ്ധിക്കണം.കൊച്ചിൻ യൂണിവേഴ്സിറ്റിയിൽ ഉണ്ടായ അപകടത്തിൽ മരണമടഞ്ഞ വിദ്യാർഥികളുടെ കുടുംബങ്ങൾക്കും സാമ്പത്തിക സഹായം നൽകാൻ സർക്കാർ തയ്യാറാകണം.മണിപ്പൂരിൽ സമാധാനം പുനഃസ്ഥാപിക്കണം.മാസങ്ങളായി മണിപ്പൂരിൽ തുടരുന്ന സംഘർഷാവസ്ഥയ്ക്ക് ശമനം ഉണ്ടായിട്ടില്ലായെന്നത് ആശങ്കജനിപ്പിക്കുന്നു. നിരാലംബരും പുറംതള്ളപ്പെട്ടവരുമായി ക്യാമ്പുകളിൽ കഴിയുന്ന കുഞ്ഞുങ്ങളും സ്ത്രീകളുമുൾപ്പടെയുള്ള അനേകായിരങ്ങൾക്ക് പ്രതീക്ഷ നല്കുന്നവിധം സർക്കാർ സംവിധാനങ്ങൾ ഉണർന്നു പ്രവർത്തിക്കേണ്ട സമയം അധികരിച്ചിരിക്കുന്നു. അവിടെ എത്രയുംവേഗം സമാധാനം ഉറപ്പാക്കാനും സാധാരണ ജീവിതത്തിലേക്ക് ജനങ്ങൾക്ക് പ്രവേശിക്കാനും ഉതകുന്ന അന്തരീക്ഷം സംജാതമാക്കപ്പെടണമെന്നും സമ്മേളനം ആവശ്യപ്പെട്ടു.

## സ്ഥിരനിക്ഷേപങ്ങളുടെ പലിശനിരക്കു വർധിപ്പിച്ച് ഫെഡറൽ ബാങ്ക്

**കൊച്ചി:** വിവിധ സ്ഥിരനിക്ഷേപങ്ങളുടെ പലിശനിരക്കുകൾ ഫെഡറൽ ബാങ്ക് വർധിപ്പിച്ചു. 500 ദിവസം കാലാവധിയുള്ള റെസിഡന്റ്, നോൺ റെസിഡന്റ് നിക്ഷേപങ്ങളുടെ പലിശ നിരക്ക് 7.50 ശതമാനമായാണ് വർദ്ധിപ്പിച്ചിരിക്കുന്നത്. കാലാവധിയ്ക്ക് ശേഷം മാത്രം പിൻവലിക്കാവുന്ന സ്ഥിരനിക്ഷേപങ്ങൾക്ക് ഇതേ കാലയളവിൽ 7.65 പലിശ ലഭിക്കും. മുതിർന്ന പൗരന്മാർക്ക് പരമാവധി 8.15 ശതമാനം വരെ ലഭിക്കുന്നതാണ്.21 മാസം മുതൽ മൂന്ന് വർഷം വരെ കാലാവധിയുള്ള നിക്ഷേപങ്ങൾക്ക് മുതിർന്ന പൗരന്മാർക്ക് 7.80 ശതമാനം പലിശ ലഭിക്കും.ഇതേ കാലയളവിലുള്ള, കാലാവധിക്കു മുൻപ് പിൻവലിക്കാവുന്ന നിക്ഷേപങ്ങൾക്ക് 7.05 ശതമാനവും കാലാവധിക്കു ശേഷം മാത്രം പിൻവലിക്കാവുന്നവയ്ക്ക് 7.30 ശതമാനവുമാണ് മറ്റുള്ളവർക്കു ലഭിക്കുക.

## പ്ളാറ്റിനം എവേര വർഷാവസാന കളക്ഷനുകൾ പുറത്തിറക്കി



**കൊച്ചി:** അവധിക്കാല ആഘോഷങ്ങൾക്ക് മാറ്റുകൂട്ടാനായി പ്ലാറ്റിനം എവേര തങ്ങളുടെ വർഷാവസാന കളക്ഷനുകൾ പുറത്തിറക്കി. സ്റ്റെറലിംഗ് പ്ലാറ്റിനം കമ്മലുകൾ, സ്റ്റെറലിംഗ് പ്ലാറ്റിനം റിസ്റ്റ് വെയറുകൾ , സ്റ്റെറലിംഗ് പ്ലാറ്റിനം നെക്ക്ലേസുകൾ, സ്റ്റെറലിംഗ് പ്ലാറ്റിനം മോതിരങ്ങൾ എന്നിവയാണ് പുതിയ കളക്ഷനിലുള്ളത്. കുടുംബയോഗങ്ങൾ, ഉത്സവ ഉച്ചഭക്ഷണങ്ങൾ, സുഹൃത്തുക്കളുമൊത്തുള്ള അത്താഴങ്ങൾ, വിവാഹങ്ങൾ, ഓഫീസ് ക്രിസ്മസ് പാർട്ടികൾ അല്ലെങ്കിൽ ഗ്ലാമറസ് ന്യൂ ഇയർ ഈവ് എന്നിങ്ങനെ ഏത് അവസരത്തിനും യോജിച്ച ആഭരണങ്ങൾ ആണ് എവേര വർഷാവസാന കളക്ഷനിലുള്ളതെന്ന് കമ്പനി അധികൃതർ വ്യക്തമാക്കി. തിളങ്ങുന്ന വജ്രങ്ങൾ പൊതിഞ്ഞ തൂങ്ങിക്കിടക്കുന്ന പ്ലാറ്റിനം ബാറുകൾ, അതിലോലമായ ഡ്യുവൽ ടോൺ സ്പോക്കുകൾ ഫീച്ചർ ചെയ്യുന്ന പൂക്കളുടെ മോട്ടിഫ് കമ്മലുകൾ, സങ്കീർണ്ണമായി രൂപകൽപ്പന ചെയ്ത സ്റ്റഡുകൾ എന്നിങ്ങനെ വ്യത്യസ്ത മോഡലുകളിലുള്ള സ്റ്റെറലിംഗ് പ്ലാറ്റിനം കമ്മലുകൾ ഒരു കോക്ക്ടെയിൽ പാർട്ടിക്കോ, വിവാഹത്തിനോ അല്ലെങ്കിൽ ഒരു ഡേറ്റിങ്ങിനോ അനുയോജ്യമായ ആഭരണ ശേഖരമാണ്. പ്ലാറ്റിനം എവേരയിൽ നിന്നുള്ള സ്റ്റെറലിംഗ് പ്ലാറ്റിനം റിസ്റ്റ് വെയർ ബ്രേസ്ലെറ്റുകൾ വർക്ക്വെയർ, പാർട്ടിവെയർ എന്നിവയ്ക്കൊപ്പം യോജിക്കുന്ന ആഭരണമാണ്. അതിമനോഹരമായി രൂപകൽപ്പന ചെയ്ത ആഭരണങ്ങളുടെ വിശാലമായ ശ്രേണിയിൽ നിന്ന് നിങ്ങളുടെ തനതായ ശൈലിക്കും വ്യക്തിത്വത്തിനും അനുയോജ്യമായ സ്റ്റെറലിംഗ് പ്ലാറ്റിനം നെക്ക് വെയർ തിരഞ്ഞെടുക്കാം. ഇത് പ്ലാറ്റിനം കമ്മലുകൾ, റിസ്റ്റ് വെയർ അല്ലെങ്കിൽ മോതിരങ്ങൾ എന്നിവയുമായി ജോടിയാക്കാം അല്ലെങ്കിൽ നെക്ലേസ് നിങ്ങളുടെ വസ്ത്രത്തിന്റെ കേന്ദ്രഭാഗമായി നിലനിർത്താനും സാധിക്കും.

പുതിയ പ്ലാറ്റിനം എവേര വർഷാവസാന കളക്ഷനുകൾ ഇന്ത്യയിലെ പ്രമുഖ ജ്വല്ലറി റീട്ടെയിൽ സ്റ്റോറുകളിൽ ലഭ്യമാണെന്നും കമ്പനി അധികൃതർ വ്യക്തമാക്കി.

## തൃപ്പൂണിത്തുറ ശ്രീ പൂർണ്ണത്രയീശ ക്ഷേത്രോത്സവം: മെട്രോ സർവ്വീസ് സമയം ദീർഘിപ്പിക്കുന്നു

**കൊച്ചി:** തൃപ്പൂണിത്തുറ ശ്രീ പൂർണ്ണത്രയീശ ക്ഷേത്രത്തിലെ വൃശ്ചികോത്സവത്തോടനുബന്ധിച്ച് ഈ മാസം 9 മുതൽ 16 വരെ കൊച്ചി മെട്രോ സർവ്വീസ് സമയം നീട്ടുന്നു. ഡിസംബർ 9 മുതൽ 16 വരെ എസ് എൻ ജംഗ്ഷനിൽ നിന്ന് ആലുവ ഭാഗത്തേക്ക് രാത്രി 11.30 വരെ കൊച്ചി മെട്രോ സർവ്വീസ് നടത്തുന്നതാണ്. രാത്രി 10.30ന് ശേഷം 20 മിനിറ്റ് ഇടവേളകളിലായിരിക്കും എസ് എൻ ജംഗ്ഷൻ മെട്രോ സ്റ്റേഷനിൽ നിന്നുള്ള സർവ്വീസ്. രാത്രി 11.30ന് ആയിരിക്കും എസ് എൻ ജംഗ്ഷൻ മെട്രോ സ്റ്റേഷനിൽ നിന്നുള്ള അവസാന സർവ്വീസ്. ഉത്സവത്തിനെത്തുന്നവർക്ക് സുരക്ഷിതമായി മടങ്ങുവാൻ ഈ അധിക സർവ്വീസുകൾ സഹായകരമാകും.

# ഡീപ് ടെക് മേഖല വൻമുന്നേറ്റവുമായി കേരളത്തിലെ സ്റ്റാർട്ടപ്പുകൾ

**കൊച്ചി:** ലോകത്തിൻറെ ഭാവി തന്നെ നിശ്ചയിക്കുന്ന ഡീപ് ടെക് സാങ്കേതിക മേഖലയിൽ ചുവടുറപ്പിച്ച് കേരളത്തിലെ സ്റ്റാർട്ടപ്പ് ആവാസ വ്യവസ്ഥ. രാജ്യത്തെ ഏറ്റവും മികച്ച ഡീപ് ടെക് സ്റ്റാർട്ടപ്പുകളിൽ കേരളത്തിൽ നിന്നുള്ള സംരംഭങ്ങൾക്ക് മുൻപന്തിയിലാണ് സ്ഥാനം.രാജ്യത്തെ ടെക്നോളജി മേഖലയിലെ സുപ്രധാന സംഘടനയായ നാസ്കോമിൻറെ 2023 ലെ എമെർജ് 50 പുരസ്കാരത്തിൽ കേരള സ്റ്റാർട്ടപ്പ് മിഷനിലെ നാല് സ്റ്റാർട്ടപ്പുകൾ അർഹരായി. ആഴത്തിലുള്ള ഗവേഷണത്തിലൂടെ ടെക് ലോകം നേരിടുന്ന വെല്ലുവിളികൾക്ക് പരിഹാരം കണ്ടെത്തുന്ന നൂതന ഉത്പന്നങ്ങളാണ് ഡീപ് ടെക് എന്ന മേഖലയിൽ ഉൾപ്പെടുന്നത്. ഇൻടോട്ട് ടെക്നോളജീസ്, ഫ്യൂസലേജ് ഇനോവേഷൻസ്, പ്രൊഫേസ് ടെക്നോളജീസ്, സസ്കാൻ മെഡ്ടെക് എന്നിവയാണ് നാസ്കോം പുരസ്കാരത്തിൽ ഇടം പിടിച്ചത്. ഡിജിറ്റൽ റേഡിയോ സംപ്രേഷണത്തിൽ നിലവിലുള്ള പിഴവുകൾ പൂർണമായും ഇല്ലാതാക്കുന്ന ഇൻറർനെറ്റ് പ്രോട്ടോക്കോൾ റിസിവറാണ് ഇൻടോട്ട് ടെക്നോളജീസിൻറെ ഉത്പന്നം.ഡിജിറ്റൽ റേഡിയോ റിസീവറിൽ ഉപയോഗിക്കുന്ന ചിപ്പുകൾക്ക് പകരമായി സോഫ്റ്റ് വെയർ ഉപയോഗിച്ച് സിഗ്നൽ റിസീവിംഗ് സാധ്യമാക്കുകയാണ്. ഈ ഉത്പന്നത്തിന് നിലവിൽ എട്ട് പേറ്റൻറുകൾ ലഭിച്ചിട്ടുണ്ട്. ആറെണ്ണത്തിൻറെ നടപടികൾ നടന്നു കൊണ്ടിരിക്കുന്നു. സോഫ്റ്റ് വെയർ അധിഷ്ഠിതമായ റേഡിയോ സിഗ്നൽ റിസീവറിന് ദേശീയ പുരസ്കാരവും ഇൻടോട്ടിന് ലഭിച്ചിട്ടുണ്ട്. ഓരോ ഉപകരണത്തിലും 12 ഡോളർ വരെ ലാഭിക്കാനും ഇവരുടെ ഉത്പന്നത്തിലൂടെ സാധിക്കും.

റേഡിയോ റിസീവിംഗ് സിഗ്നലുകളുടെ കാര്യത്തിൽ വിപ്ലവകരമായ മാറ്റമാണ് ഇൻടോട്ട് കൊണ്ടുവന്നിട്ടുള്ളതെന്ന് കമ്പനിയുടെ എംഡിയും സിഇഒയുമായ രജിത് നായർ പറഞ്ഞു. ലോകത്തെ വിവിധ കാർ നിർമ്മാതാക്കളുടെ നാല് ലക്ഷം കാറുകളിലാണ് പുതുതലമുറ ഇൻടോട്ട് റേഡിയോ റിസീവർ ഘടിപ്പിച്ചിട്ടുള്ളത്. ഇതിലൂടെ ആഗോളപ്രശസ്തമായ സ്റ്റാർട്ടപ്പായി ഇൻടോട്ട് മാറിയെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി.ആകാശനിരീക്ഷണത്തിലൂടെ തന്നെ വളപ്രയോഗം, രോഗബാധ എന്നിവ മനസിലാക്കാനും അതിൻറെ പരിഹാരം ഡ്രോൺ വഴി തന്നെ നടത്താനുമുള്ള സാങ്കേതികവിദ്യയാണ് ഫ്യൂസലേജ് ഇനോവേഷനുള്ളത്. സുസ്ഥിര കൃഷി, ഭക്ഷ്യസുരക്ഷ എന്നിവയ്ക്ക് ഡിജിറ്റൽ കാർഷിക മാതൃക ഏർപ്പെടുത്തുകയും മികച്ച കാർഷിക സംസ്കാരം വളർത്തിയെടുക്കുകയുമാണ് ലക്ഷ്യം. ബ്രിട്ടനിലെ ഗ്ലോബൽ ഒൺട്രപ്രണർഷിപ്പ് പ്രോഗ്രാമിലേക്ക് (ജിഇപി)തെരഞ്ഞെടുത്ത സ്റ്റാർട്ടപ്പാണിത്. 2020 ൽ ദേവൻ ചന്ദ്രശേഖരനും ദേവിക ചന്ദ്രശേഖരനും ചേർന്ന് ആരംഭിച്ച ഫ്യൂസലേജിൻറെ പ്രധാന കാർഷിക ടെക്നോളജി ഉത്പന്നങ്ങൾ ഡ്രോൺ ഉപയോഗിച്ചുള്ള വളപ്രയോഗം, നിരീക്ഷണം എന്നിവയാണ്.സൈബർ ആക്രമണങ്ങൾ തടയുന്നതിനുള്ള വെബ് ആപ്ലിക്കേഷനാണ് പ്രൊഫേസ്. സൈബർ ആക്രമണങ്ങൾ തത്സമയം കണ്ടെത്തി മൈക്രോസെക്കൻറുകൾക്കുള്ളിൽ അത് തടയുന്ന സോഫ്റ്റ് വെയർ ഉത്പന്നമാണിത്. വെബ്സൈറ്റുകൾ, മൊബൈൽ ആപ്പുകൾ, ഇആർപി സൊല്യൂഷൻസ്, സിആർഎം തുടങ്ങി വിവിധ പ്ലാറ്റ്ഫോമുകളെ സംരക്ഷിക്കാൻ ഈ സാങ്കേതികവിദ്യയ്ക്ക് സാധിക്കും. വൈശാഖ് ടി ആർ, ലക്ഷ്മി ദാസ് എന്നിവരാണ് പ്രൊഫേസിൻറെ സ്ഥാപകർ.വായ്ക്കുള്ളിലെ അർബുദരോഗം കണ്ടെത്തുന്നതിനുള്ള സ്കാനിംഗ് ഉപകരണമാണ് സസ്കാൻ മെഡ്ടെക്കിൻറെ ഓറൽസ്കാൻ. ലോകത്ത് വർഷം ഏതാണ്ട് 1.3 ലക്ഷം പേർക്ക് വായ്ക്കുള്ളിൽ അർബുദംബാധിക്കാറുണ്ട്. ഇത് കണ്ടെത്തുന്നതിനുള്ള കാലതാമസം മൂലം ഇതിൽ പകുതിയാണ് മരണനിരക്ക്. കയ്യിൽ പിടിച്ചു കൊണ്ട് വായ്ക്കുള്ളിൽ സ്കാൻ ചെയ്യാവുന്ന ലോകത്തിലെ ആദ്യ ഉപകരണമാണിത്. ക്ലൗഡ് സാങ്കേതികവിദ്യയിലധിഷ്ഠിതമായ ഇതിൽ തത്സമയ ചിത്രങ്ങളും ലഭിക്കും. നിലവിൽ ടാറ്റാ മെമ്മോറിയൽ ആശുപത്രി, എകോഹം ഫൗണ്ടേഷൻ മുതലായവ ഈ ഉപകരണം ഉപയോഗിക്കുന്നുണ്ട്. സ്കാൻ ചെയ്യാൻ മാത്രമല്ല, അത്യന്തം കൃത്യതയോടെ ബയോപ്സി എടുക്കാനും ഇതിലൂടെ സാധിക്കുന്നു. ഡോ. സുഭാഷ് നാരായണൻ, ഉഷ സുഭാഷ് എന്നിവരാണ് ഇതിൻറെ സ്ഥാപകർ.



## ഭാരത് ബെൻസ് ശേഷി വർധിപ്പിക്കാനുള്ള പദ്ധതി പ്രഖ്യാപിച്ചു

**കൊച്ചി:** ഡെയിംലർ ഇന്ത്യ കൊമേഴ്സ്യൽ വെഹിക്കിൾസ് പ്രൈവറ്റ് ലിമിറ്റഡ് (ഡി.ഐ.സി.വി.) ഭാരത്ബെൻസ് വിൽപ്പന, സേവന ശൃംഖലയിലുടനീളമുള്ള സാങ്കേതിക ഉദ്യോഗസ്ഥരുടെ ശേഷിയും കഴിവും വർദ്ധിപ്പിക്കുന്നതിനുള്ള പ്രവർത്തന പദ്ധതി പ്രഖ്യാപിച്ചു. ഡീലർ പങ്കാളികളായ ധിംഗ്ര ട്രക്കിംഗ്, ഓട്ടോബാൻ ട്രക്കിംഗ് എന്നിവയുമായി സഹകരിച്ച് ഡി.ഐ.സി.വി. രണ്ട് ഭാരത്ബെൻസ് റീജിയണൽ ട്രെയിനിംഗ് സെൻററുകൾ (ആർ.ടി.സി.) കൂടി ഉദ്ഘാടനം ചെയ്തു, ധരുഹേരയിലും (ഹരിയാന) മറ്റൊന്ന് പൂനെയിലും (മഹാരാഷ്ട്ര)ആണിത്. ഇത് ചെന്നൈയിലും ഒഡീഷയിലും ഇതിനകം സ്ഥാപിച്ചിട്ടുള്ള രണ്ട് ആർ.ടി.സി.കൾക്കു പുറമേയാണ്. ഭാരത്ബെൻസ് റീജിയണൽ ട്രെയിനിംഗ് സെൻററുകൾ വർഷാവർഷം ഭാരത്ബെൻസ് നെറ്റ്വർക്കിൽ ഉടനീളമുള്ള 3500ലധികം ഡ്രൈവർമാരുടെയും സെയിൽസ്, സർവീസ് ജീവനക്കാരുടെയും ശേഷിയും കഴിവും വർദ്ധിപ്പിക്കുന്നതിനു വേണ്ടി സ്ഥാപിച്ചതാണ്. ഈ കേന്ദ്രങ്ങൾ സമഗ്രമായ ഉൽപ്പന്ന പരിജ്ഞാനം, നൂതന ഉൽപ്പന്ന, ഉപഭോക്തൃ സേവന വൈദഗ്ധ്യം എന്നിവയും അത്തരത്തിലുള്ള നിരവധി അവശ്യ ഉപാധികളും പ്രദാനം ചെയ്യുന്നതിന് സജ്ജമാക്കിയിട്ടുള്ളവയാണെന്നും കമ്പനി അധികൃതർ വ്യക്തമാക്കി.

## എജിയോ ബിഗ് ബോൾഡ് സെയിൽ ഇന്നു മുതൽ

**കൊച്ചി/മുംബൈ:** ഇന്ത്യയിലെ മുൻനിര ഫാഷൻ ഇടെയ്ലർ എജിയോയുടെ ബിഗ് ബോൾഡ് സെയിൽ, 2023 ഡിസംബർ 7 മുതൽ തുടങ്ങും. ഡിസംബർ 4 മുതൽ ഉപഭോക്താക്കൾക്ക് സെയിൽ ആനുകൂല്യങ്ങൾ ലഭ്യമായിത്തുടങ്ങിയതായി എജിയോ സിഇഒ വിനീത് നായർ പറഞ്ഞു. ബിഗ് ബോൾഡ് സെയിലിൻറെ (ബിബിഎസ്) എക്കാലത്തെയും വലിയ പതിപ്പിൽ, സമാനതകളില്ലാത്ത അനുഭവം നൽകുന്ന 1.6 ദശലക്ഷത്തിലധികം ഫാഷൻ ശൈലികൾ, 5500+ ബ്രാൻഡുകൾ എന്നിവയിൽ ഉപഭോക്താക്കൾക്ക് ഷോപ്പിംഗ് നടത്താം. മുൻനിര ബ്രാൻഡുകളുടെ പ്രത്യേക ഡീലുകൾക്കൊപ്പം 5090% വരെ കിഴിവും ലഭിക്കും. ഉപഭോക്താക്കൾക്ക് ഐസിഐസിഐ ക്രെഡിറ്റ്, ഡെബിറ്റ് കാർഡുകൾ ഉപയോഗിക്കുമ്പോൾ 10% വരെ തൽക്ഷണ കിഴിവും ലഭിക്കും.




ഫാഷൻ, ലൈഫ്സ്റ്റൈൽ, വീട്, അലങ്കാരം, ആഭരണങ്ങൾ, സൗന്ദര്യം, വ്യക്തിഗത പരിചരണം തുടങ്ങിയ വിഭാഗങ്ങളിലുടനീളം മികച്ച ഡീലുകളും ഓഫറുകളുമുള്ള എക്സ്ക്ലൂസീവ് ഇൻറർനാഷണൽ ബ്രാൻഡുകൾ എജിയോയുടെ ഭാഗമാണ്. അഡിഡാസ്, സൂപ്പർഡ്രൈ, നൈക്കി, പ്യൂമ, അസിക്സ്, ടോമി ഹിൽഫിഗർ, ഡീസൽ, മാർക്സ് ആൻഡ് സ്പെൻസർ, മേബലിൻ, കാസിയോ തുടങ്ങി ഒട്ടനേകം ബ്രാൻഡുകളുടെ ആവേശകരമായ ഡീലുകൾ ലഭിക്കും. ഓരോ 8 മണിക്കൂറിലും ഐഫോൺ 14 പ്രോ, ആപ്പിൾ മാക്ബുക്ക് എയർ, സാംസങ് ഗാലക്സി ഫോൾഡ് 4, സാംസങ് എസ് 23 അൾട്രാ തുടങ്ങിയ ആകർഷകമായ റിവാർഡുകൾ ലഭിക്കാനുള്ള അവസരവുമുണ്ട്. ഉപഭോക്താക്കൾ ആകാംക്ഷയോടെ കാത്തിരിക്കുന്ന ഏറ്റവും ജനപ്രിയമായ വിൽപ്പന മേളകളിൽ ഒന്നാണ് ബിഗ് ബോൾഡ് സെയിൽ. ഏർളി ആക്സസ് ആരംഭിച്ചതുമുതൽ ഓർഡറുകളിൽ 40% വർദ്ധനവ് ഞങ്ങൾ ഇതിനകം കണ്ടു. ഈ ഷോപ്പിംഗ് സീസണിൽ ഉപഭോക്താക്കളെ സന്തോഷിപ്പിക്കാൻ ഞങ്ങൾ ലക്ഷ്യമിടുന്നുവെന്നും വിനീത് നായർ പറഞ്ഞു. അച്ഛൻമകൾ ജോഡിയായ ശ്രദ്ധ കപൂർ, ശക്തി കപൂർ എന്നിവരാണ് ഇത്തവണ ബിഗ് ബോൾഡ് സെയിൽ ലോഞ്ച് കാമ്പെയ്ൻ അവതരിപ്പിക്കുന്നത്.

## എൻഎസ്ഇയിലെ എസ്എംഇ കമ്പനികളുടെ വിപണി മൂല്യം ഒരു ലക്ഷം കോടി കടന്നു

**കൊച്ചി:** നാഷണൽ സ്റ്റോക്ക് എക്സ്ചേഞ്ചിലെ എൻഎസ്ഇ എമർജ് പ്ലാറ്റ്ഫോമിലെ വിപണി മൂല്യം ഇതാദ്യമായി ഒരു ലക്ഷം കോടി രൂപ കടന്നു. 2012ൽ സ്ഥാപിതമായ ശേഷം എൻഎസ്ഇ എസ്എംഇ പ്ലാറ്റ്ഫോം രാജ്യത്തെ വളരുന്ന ചെറുകിട, ഇടത്തരം കമ്പനികളുടെ സുസ്ഥിര വളർച്ച ത്വരിതപ്പെടുന്ന വിധത്തിലാണു പ്രവർത്തിക്കുന്നത്. നിലവിൽ എൻഎസ്ഇ എമർജ് പ്ലാറ്റ്ഫോമിൽ 7800 കോടി രൂപയിലേറെ സമാഹരിച്ച് 397 കമ്പനികളാണ് ലിസ്റ്റു ചെയ്തിട്ടുള്ളത്. 2017ൽ നിഫ്റ്റി എസ്എംഇ എമർജ് സൂചിക രൂപവൽക്കരിക്കുകയും ചെയ്തു. 19 മേഖലകളിൽ നിന്നുള്ള 166 കമ്പനികളാണ് നിലവിൽ സൂചികയിലുള്ളത്. 2023 നവംബർ വരെ 39.78 ശതമാനം സംയോജിത വാർഷിക വളർച്ചയും കൈവരിച്ചിട്ടുണ്ട്.എൻഎസ്ഇ എമർജിൽ ലിസ്റ്റു ചെയ്ത കമ്പനികളുടെ വിപണി മൂല്യം ഒരു ലക്ഷം കോടി രൂപ കടന്നത് സുപ്രധാന നാഴികക്കല്ലാണെന്നും ഇന്ത്യൻ എംഎസ്എംഇ മേഖലയിൽ ഒളിഞ്ഞിരിക്കുന്ന സാധ്യതകളാണിത് സൂചിപ്പിക്കുന്നതെന്നും എൻഎസ്ഇ ചീഫ് ബിസിനസ് ഡെവലപ്മെൻറ് ഓഫിസർ ശ്രീരാം കൃഷ്ണൻ പറഞ്ഞു.

## എസ്ഐബി ഇഗ്നൈറ്റ് ക്വിസത്തോണുമായി സൗത്ത് ഇന്ത്യൻ ബാങ്ക്

**കൊച്ചി:** രാജ്യത്തുടനീളമുള്ള കോളജ് വിദ്യാർത്ഥികൾക്കായി സൗത്ത് ഇന്ത്യൻ ബാങ്ക്, എസ്ഐബി ഇഗ്നൈറ്റ് ക്വിസത്തോൺ എന്ന പേരിൽ ദേശീയ തലത്തിൽ ക്വിസ് മത്സരം പ്രഖ്യാപിച്ചു. വിദ്യാർത്ഥികളെ പ്രചോദിപ്പിക്കാനും വൈവിധ്യമാർന്ന വിഷയങ്ങളിൽ പൊതുവിജ്ഞാനത്തെ പ്രോത്സാഹിപ്പിക്കാനും ലക്ഷ്യമിട്ടാണ് മത്സരങ്ങൾ സംഘടിപ്പിക്കുന്നത്. മത്സരങ്ങളിൽ പങ്കെടുക്കാൻ ഡിസംബർ 22 വരെ അപേക്ഷിക്കാം.ഏതു വിഷയം പഠിക്കുന്ന കോളെജ് വിദ്യാർത്ഥികൾക്കും പങ്കെടുക്കാം. രണ്ടു പേരുള്ള ടീമായാണ് മത്സരിക്കേണ്ടത്. കറന്റ് അഫയേഴ്സ്, സ്പോർട്സ്, ബിസിനസ്, ടെക്നോളജി, കല, ചരിത്രം, ഭൂമി ശാസ്ത്രം തുടങ്ങി വൈവിധ്യമാർന്ന വിഷയങ്ങളിൽ വിദ്യാർത്ഥികൾക്കുള്ള പൊതുവിജ്ഞാനത്തിന്റെ വലിയ പ്രദർശനമാകും ഈ മത്സരങ്ങൾ.

രാജ്യത്തുടനീളം എട്ടു മേഖലകളിലായാണ് മത്സരങ്ങൾ സംഘടിപ്പിക്കുന്നത്. മൂന്ന് റൗണ്ടുകളിലായാണ് മത്സരം. പ്രാഥമിക യോഗ്യതാ മത്സരങ്ങൾ ഓൺലൈനായി സംഘടിപ്പിക്കും. ഓരോ മേഖലയിൽ നിന്നും മുന്നിലെത്തുന്ന എട്ടു ടീമുകളെ പങ്കെടുപ്പിച്ച് സോണൽ മത്സരങ്ങൾ സംഘടിപ്പിക്കും. സോണൽ മത്സരങ്ങളിൽ മുന്നിലെത്തുന്ന എട്ടു ടീമുകളാണ് ദേശീയതലത്തിൽ നടക്കുന്ന ഗ്രാൻഡ് ഫിനാലെയിൽ മാറ്റുരയ്ക്കുക. ഒന്നാം സ്ഥാനത്തെത്തുന്ന ദേശീയ ചാമ്പ്യൻ ടീമിന് ഒന്നര ലക്ഷം രൂപയും റണ്ണർ അപ്പ് ടീമിന് ഒരു ലക്ഷം രൂപയും മൂന്നാം സ്ഥാനം നേടുന്ന ടീമിന് 60,000 രൂപയും കാഷ് പ്രൈസ് ലഭിക്കും.ഇന്ത്യയുടെ ഭാവി രൂപപ്പെടുത്തുന്ന യുവാക്കളെ മത്സരങ്ങളിൽ പങ്കെടുപ്പിച്ച് ശാക്തീകരിക്കുക എന്ന ലക്ഷ്യത്തോടെയാണ് സൗത്ത് ഇന്ത്യൻ ബാങ്ക് ഇഗ്നൈറ്റ് ക്വിസത്തോൺ സംഘടിപ്പിക്കുന്നത്. സാമൂഹിക നവീകരണത്തിലും വികസനത്തിലുമുള്ള സൗത്ത് ഇന്ത്യൻ ബാങ്കിന്റെ പ്രതിബദ്ധതയെയാണ് ഇത് തെളിയിക്കുന്നത്. അറിവുകൾ നേടാൻ ആഗ്രഹിക്കുന്ന, രാജ്യത്തെ മുഴുവൻ യുവാക്കളെയും ഇഗ്നൈറ്റ് ക്വിസത്തോണിലേക്ക് സ്വാഗതം ചെയ്യുന്നു. സൗത്ത് ഇന്ത്യൻ ബാങ്കിന്റെ ചീഫ് മാർക്കറ്റിംഗ് ഓഫീസർ അസ്മത്ത് ഹബീബുള്ള പറഞ്ഞു.

## അലിയാക്സിസ് ഇന്ത്യയുടെ ഡിവിഷണൽ സി.ഇ.ഒ ആയി അരവിന്ദ് ചന്ദ്ര ചുമതലയേറ്റു



**കൊച്ചി:** പ്രമുഖ പൈപ്പ് ഫിറ്റിംഗ് കമ്പനിയായ അലിയാക്സിസ് ഇന്ത്യയുടെ (ആശീർവാദ് പൈപ്പ്സ്) ഡിവിഷണൽ സി.ഇ.ഒ ആയി അരവിന്ദ് ചന്ദ്ര ചുമതലയേറ്റു. 30 വർഷമായി ബിസിനസ് രംഗത്ത് പ്രവർത്തിച്ചു വരുന്ന അരവിന്ദ് ഓട്ടോമോട്ടീവ് മേഖലയിലെ വമ്പന്മാരായ മിൻഡ കോർപ്പറേഷന്റെ സി.ഇ.ഒ സ്ഥാനത്ത് നിന്നാണ് ആശീർവാദ് പൈപ്പ്സിന്റെ നേതൃനിരയിലേക്ക് എത്തുന്നത്.

മുംബൈ യൂണിവേഴ്സിറ്റിയിൽ നിന്ന് കെമിക്കൽ എഞ്ചിനീയറിംഗിൽ ബി.എസ് ബിരുദവും ഒക്ലഹോമ സ്റ്റേറ്റ് യൂണിവേഴ്സിറ്റിയിൽ നിന്ന് ഇൻഡസ്ട്രിയൽ എഞ്ചിനീയറിംഗിൽ എം.എസ് ബിരുദവും നേടിയിട്ടുള്ള അരവിന്ദ് മിഷിഗൺ യൂണിവേഴ്സിറ്റിയിൽ നിന്ന് എം.ബി.എയും കരസ്ഥമാക്കിയിട്ടുണ്ട്. ടൊയോട്ട, ഇസഡ്.എഫ് വാബ്കോ, ബോർഗ് വാർണർ ഫിനിയ, ഫോർവിയ തുടങ്ങിയ പ്രമുഖ സാങ്കേതിക കമ്പനികളുടെ നേതൃനിരയിൽ സേവനം അനുഷ്ഠിച്ചിട്ടുണ്ട്.അലിയാക്സിസിന്റെ ഏറ്റവും വലിയ വിപണികളിലൊന്നാണ് ഇന്ത്യയെന്നും അരവിന്ദ് ചന്ദ്രയുടെ നേതൃപാടവത്തിന് കീഴിൽ ഇന്ത്യൻ വിപണിയിൽ പുതിയ അധ്യായം രചിക്കാൻ കഴിയുന്നതിൽ വലിയ സന്തോഷമുണ്ടെന്നും അലിയാക്സിസ് സി.ഇ.ഒ എറിക് ഓൽസൻ പറഞ്ഞു. അലിയാക്സിസിനൊപ്പം ഇന്ത്യ നേരിടുന്ന ജലദൗർലഭ്യം എന്ന വലിയൊരു വെല്ലുവിളിയെ നേരിടാൻ സാധിക്കുന്നതിൽ സന്തോഷമുണ്ടെന്ന് അരവിന്ദ് ചന്ദ്ര കൂട്ടിച്ചേർത്തു. അലിയാക്സിസ് ഇന്ത്യയുടെ ഡിവിഷണൽ സി.ഇ.ഒ സ്ഥാനത്തിന് പുറമേ എക്സിക്യൂട്ടീവ് കമ്മിറ്റി അംഗം കൂടിയാണ് അരവിന്ദ്.

## ആദിത്യ ബിർള ഫാഷൻ ആൻഡ് റീട്ടെയിൽ ലിമിറ്റഡ് ക്രിസ്റ്റ്യൻ ലൂബൂട്ടനുമായി പങ്കാളിത്തം പ്രഖ്യാപിച്ചു

**മുംബൈ :** മുൻനിര ഫാഷൻ കമ്പനിയായ ആദിത്യ ബിർള ഫാഷൻ ആൻഡ് റീട്ടെയിൽ ലിമിറ്റഡ് (അആഎഞഘ), പാദരക്ഷകൾക്കും ഐക്കണിക് സോൾസിനും പേരുകേട്ട ഫ്രഞ്ച് ഷൂ ഡിസൈനർ ക്രിസ്റ്റ്യൻ ലൂബൂട്ടനുമായി പങ്കാളിത്തം പ്രഖ്യാപിച്ചു. ഈ സംയുക്ത സംരംഭം നിലവിലെ ഇന്ത്യൻ ബിസിനസ്സിനെ അആഎഞഘന്റെ പുതുതായി സംയോജിപ്പിച്ച ഒരു സബ്സിഡിയറിയിലേക്ക് മാറ്റുന്നത് വിഭാവനം ചെയ്യുന്നു, അവിടെ പങ്കാളികൾക്ക് തുല്യമായ ഓഹരി ഉണ്ടായിരിക്കും.

1991ൽ പാരീസിൽ സ്ഥാപിതമായ ക്രിസ്റ്റ്യൻ ലൂബൂട്ടൻ ചുവന്ന സോൾ ഷൂസുകൾക്ക് ലോകപ്രശസ്തമാണ്. 30ലധികം രാജ്യങ്ങളിൽ ബ്രാൻഡിന് റീട്ടെയിൽ സാന്നിധ്യമുണ്ട്. ഞങ്ങൾക്ക് വളരെ പ്രധാനപ്പെട്ട ഒരു വിപണിയായ ഇന്ത്യയിലെ ബിസിനസ് കൈകാര്യം ചെയ്യുന്നതിനും വികസിപ്പിക്കുന്നതിനും അവരോടൊപ്പം പ്രവർത്തിക്കാൻ ഞങ്ങൾ ആഗ്രഹിക്കുന്നു,' ക്രിസ്റ്റ്യൻ ലൂബൂട്ടൻ ഗ്രൂപ്പ് സിഇഒ അലക്സിസ് മൗറോട്ട് പറഞ്ഞു.




രാമജന്മഭൂമി ക്ഷേത്രത്തിലെ പ്രാണപ്രതിഷ്ഠയോടനുബന്ധിച്ച് ജനുവരി ഒന്നു മുതൽ കേരളത്തിൽ സംഘടിപ്പിക്കുന്ന വിവിധ പരിപാടികൾ സംബന്ധിച്ച് ശ്രീരാമജന്മഭൂമി തീർത്ഥക്ഷേത്ര ട്രസ്റ്റ് സംസ്ഥാന ഭാരവാഹികളായ വിജി തമ്പി, വി.ആർ രാജശേഖരൻ, ജിജേഷ് പട്ടേരി എന്നിവർ കലൂർ പാവക്കുളം വിശ്വഹിന്ദു പരിഷത്ത് ആസ്ഥാനത്ത് നടത്തിയ വാർത്താ സമ്മേളനത്തിൽ പ്രഖ്യാപിച്ചപ്പോൾ

### രാമജന്മഭൂമി ക്ഷേത്രത്തിലെ പ്രാണപ്രതിഷ്ഠ ചടങ്ങ്

## കേരളത്തിലെ ഹിന്ദുവിശ്വാസികൾ ദീപം തെളിയിച്ച് ആചരിക്കും

**കൊച്ചി:** ശ്രീരാമചന്ദ്രൻ വനവാസത്തിന് ശേഷം അയോദ്ധ്യയിൽ പ്രവേശിച്ചപ്പോൾ പ്രജകൾ ദീപം തെളിയിച്ച് സ്വീകരിച്ചത് പോലെ, അയോദ്ധ്യയിലെ രാമജന്മഭൂമി തീർത്ഥക്ഷേത്രത്തിൽ പ്രാണപ്രതിഷ്ഠ നടക്കുന്ന 2024 ജനുവരി 22 ന് , കേരളത്തിൽ 50 ലക്ഷം ഹിന്ദുവീടുകളിൽ പ്രതീകാത്മകമായി ഭദ്രദീപം തെളിയിക്കുമെന്ന് ശ്രീരാമജന്മഭൂമി തീർത്ഥക്ഷേത്ര ട്രസ്റ്റ് സംസ്ഥാന ഭാരവാഹികളായ വിജി തമ്പി, വി.ആർ രാജശേഖരൻ, ജിജേഷ് പട്ടേരി എന്നിവർ വാർത്താസമ്മേളനത്തിൽ അറിയിച്ചു.

ഇതിനായി ജനുവരി ഒന്നുമുതൽ 15 വരെ ഭവനസമ്പർക്കം നടത്തുകയും അയോധ്യയിൽ നിന്നും പൂജിച്ച് കൊണ്ടുവന്ന അക്ഷതവും, ലഘുലേഖയും എല്ലാ ഭവനങ്ങളിലും എത്തിക്കുമെന്നും ഇവർ പറഞ്ഞു. കേരളത്തിൽ നിന്നും 25 സന്യാസിമാരുടെ നേതൃത്വത്തിൽ വിവിധ ഹിന്ദു സമുദായിക പ്രതിനിധികൾ ഉൾപ്പെടെ 100 പേർ പ്രത്യേക ക്ഷണിതാക്കളായി പ്രാണപ്രതിഷ്ഠാ ചടങ്ങിൽ നേരിട്ട് പങ്കെടുക്കും.

കൂടാതെ ഘർസേവകരും അവരുടെ കുടുംബാംഗങ്ങളും ഉൾപ്പെടെ 2000 പേർ ഫെബ്രുവരി മാസത്തിൽ രാമജന്മഭൂമിയിൽ നടക്കുന്ന പരിപാടിയിൽ സംബന്ധിക്കും.

പ്രാണപ്രതിഷ്ഠ നടക്കുന്ന സമയത്ത് കേരളത്തിലെ മുഴുവൻ സ്ഥലങ്ങളിലെയും പ്രധാന ക്ഷേത്രങ്ങളിൽ രാമ ഭക്തർ ഒരുമിച്ച് കൂടി രാമമന്ത്ര ജപം, ആരതി എന്നിവയോടുകൂടി അയോധ്യയിലെ പ്രാണപ്രതിഷ്ഠാ ചടങ്ങ് തത്സമയം വീക്ഷിക്കും.

സന്ധ്യാ സമയത്ത് എല്ലാ ഹിന്ദു ഭവനങ്ങളിലും ദീപം തെളിയിച്ച് രാമ നാമ ജപം നടക്കും.

ആയിരക്കണക്കിന് ഹിന്ദുഭക്തരുടെ ചുടു ചോര വീണ് കുതിർന്ന അയോദ്ധ്യയിലെ കർമ്മ ഭൂമി ബലിധാനികൾക്ക് മുമ്പിൽ ശിരസ്സ് നമിക്കും. ഇത് വിശ്വ ഹിന്ദു പരിഷത്തിന്റെയും മറ്റെല്ലാ പരിവാർ സംഘടനകളുടെയും ശ്രീരാമജന്മഭൂമി തീർത്ഥക്ഷേത്ര ട്രസ്റ്റിന്റെയും കൂടി വിജയാഘോഷമാണെന്നും സംസ്ഥാന ഭാരവാഹികൾ വാർത്താ സമ്മേളനത്തിൽ അറിയിച്ചു.

## കോവിഡ് വ്യാപനം വർദ്ധിക്കുന്നതായി സൂചന; ജാഗ്രത അനിവാര്യമെന്ന് ഐ.എം.എ കൊച്ചി

**കൊച്ചി:** കേരളത്തിൽ കോവിഡ് വ്യാപനം വീണ്ടും വർദ്ധിക്കുന്നതായി സൂചന. രോഗം പടരാതിരിക്കാൻ അതീവ ജാഗ്രത അനിവാര്യമെന്ന് ഐ.എം.എ കൊച്ചി. പൊതുജനാരോഗ്യവിഷയങ്ങളുമായി ബന്ധപ്പെട്ട് സർക്കാരിലെയും, സ്വകാര്യമേഖലയിലെയും ആരോഗ്യവിദഗ്ദരുമായി ഐ.എം.എ കൊച്ചി നടത്തിവരാറുള്ള പതിവ് യോഗത്തിലാണ് ഇത് സംബന്ധിച്ച വിലയിരുത്തലും നീരീക്ഷണങ്ങളും നടന്നത്. കോവിഡ് കൂടാതെ ഫ്ളൂ അഥവാ ഇൻഫ്ളൂവൻസ, ഡെങ്കിപ്പനി, എലിപ്പനി, മലേറിയ, ഭക്ഷ്യ വിഷബാധ, ടൈഫോയ്ഡ് എന്നിവയും പടർന്നു പിടിക്കുന്നതായാണ് വ്യക്തമാകുന്നതെന്ന് യോഗം വിലയിരുത്തി. നവംബർ മാസം ആലുവ രാജഗിരി ആശുപത്രിയിൽ നടത്തിയ 141 കോവിഡ് ടെസ്റ്റുകളിൽ പത്തെണ്ണം പോസിറ്റീവായി, അതായത് 7.1 %. ഒക്ടോബറിൽ ഇത് വെറും രണ്ടു ശതമാനവും ഓഗസ്റ്റിൽ ഒരു ശതമാനവും ആയിരുന്നു. നിരന്തര ജനിതക വ്യതിയാനം മൂലം ആവർത്തിച്ചു വരാൻ കോവിഡിന് കഴിവുണ്ട്. ഇപ്പോൾ ലോകത്ത് ബിഎ.2.86 ഉപശാഖയായ ജെഎൻ.1 ആണ് മറ്റു രാജ്യങ്ങളിൽ അതിവേഗം വർദ്ധിക്കുന്നത്. അമേരിക്ക, കാനഡ, യൂറോപ്പ് എന്നിവിടങ്ങളിൽ ഇപ്പോൾ പടരുന്ന കോവിഡ് വൈകാതെ ഇന്ത്യയിലും വന്നേക്കാം എന്നാണ് സൂചന. മുതിർന്നവരിൽ കോവിഡ് ചിലപ്പോൾ ഗുരുതരമായേക്കാം, ചെറുപ്പക്കാരിൽ പതിവു ചുമ, തൊണ്ടയിലെ അസ്വസ്ഥത, കടുത്ത ക്ഷീണം എന്നീ ലക്ഷണങ്ങളുമായി രോഗികൾ ആശുപത്രികളിൽ എത്തുന്നുണ്ട്.



ഇപ്പോൾ ഇന്ത്യയിൽ കോവിഡ് ടെസ്റ്റുകൾ നാമമാത്രമായാണ് ചെയ്യുന്നത്. അതിനാൽ കൃത്യമായ കണക്കുകൾ ലഭ്യമല്ല. കേരളത്തിൽ ഫ്ളൂ അഥവാ ഇൻഫ്ളുവൻസ വ്യാപകമായിട്ടുണ്ട്. കുട്ടികളെയാണ് ഇത് കൂടുതലായും ബാധിക്കുന്നത്. വർഷാവർഷം ഇൻഫ്ളുവൻസ വാക്സിൻ എടുക്കുന്നത് രോഗത്തിന്റെ കാഠിന്യം കുറയ്ക്കും. കോവിഡിനെ അപേക്ഷിച്ച് ഇതിന ഫലപ്രദമായ ആന്റിവൈറൽ ചികിത്സ ലഭ്യമാണെന്നും ജില്ലാ മെഡിക്കൽ ഓഫീസർ ഡോ.കെ. സക്കീന, ഐ.എം.എ കൊച്ചി പ്രസിഡന്റ് ഡോ.എം.എം ഹനീഷ്, സയന്റിഫിക് അഡ്വൈസർ ഡോ.രാജീവ് ജയദേവൻ, രാജഗിരി ആശുപത്രി മെഡിക്കൽ സൂപ്രണ്ട് സണ്ണി പി.ഓരത്തേൽ എന്നിവർ വ്യക്തമാക്കി. ഡെങ്കിപ്പനിയും കേരളത്തിൽ ശക്തമാണ്. കൊതുകുനിവാരണമാണ് പ്രധാന പ്രതിരോധം. കഠിനമായ പനിയും മറ്റും വന്നാൽ സ്വയം ചികിത്സ ഒഴിവാക്കണം. പനി, ചുമ ഉള്ളവർ മറ്റുള്ളവരിലേക്ക് പകരാതിരിക്കാൻ ശ്രദ്ധിക്കുക. ലക്ഷണങ്ങൾ മാറുന്നതു വരെ ക്ലാസിലോ ഓഫീസിലോ പോകുന്നത് ഒഴിവാക്കുക. തിരക്കുള്ളതും വായുസഞ്ചാരം കുറഞ്ഞതുമായ ഇടങ്ങളിൽ മാസ്ക് ധരിക്കുന്നത് നല്ലതാണ്. കോവിഡ് വന്നതിനു ശേഷം പലർക്കും ചുമ മാറാത്ത സാഹചര്യമുണ്ട്. സമാന ലക്ഷണങ്ങളുള്ള ടിബി അഥവാ ക്ഷയരോഗവും കൂടുതലായി കണ്ടു വരുന്നുണ്ട്. എത്രയും നേരത്തെ രോഗം കണ്ടെത്തി തടയാനുള്ള നടപടികൾ കൈക്കൊള്ളണമെന്നും ഐ.എം.എ കൊച്ചി നിർദ്ദേശിച്ചു.




കേരള വ്യാപാരി വ്യവസായി ഏകോപന സമിതി യൂത്ത് വിംങ് എറണാകുളം നിയോജകമണ്ഡലം കൺവെൻഷൻ കേരള വ്യാപാരി വ്യവസായി ഏകോപന സമിതി ജില്ലാ ജനറൽ സെക്രട്ടറി അഡ്വ.എ.ജെ റിയാസ് ഉദ്ഘാടനം ചെയ്യുന്നു

# അനധികൃത വഴിയോരക്കച്ചവടം തടയണം: കെ.വി.വി.ഇ.എസ് യൂത്ത് വിംങ്

**കൊച്ചി:** എല്ലാ വിധ ലൈസൻസുകളും നിയമങ്ങളും പാലിച്ച് കച്ചവടം നടത്തുന്ന വ്യാപാരികളുടെ വയറ്റത്തടിക്കുന്ന അനധികൃത വഴിയോരക്കച്ചടവടം അവസാനിപ്പിക്കാൻ കൊച്ചി കോർപ്പറേഷൻ അടിയന്തര നടപടി സ്വീകരിക്കണമെന്ന് കേരള വ്യാപാരി വ്യവസായി ഏകോപന സമിതി യൂത്ത് വിംങ് എറണാകുളം നിയോജകമണ്ഡലം കൺവെൻഷൻ ആവശ്യപ്പെട്ടു. കേരള വ്യാപാരി വ്യവസായി ഏകോപന സമിതി ജില്ലാ ജനറൽ സെക്രട്ടറി അഡ്വ.എ.ജെ റിയാസ് കൺവെൻഷൻ ഉദ്ഘാടനം ചെയ്തു. യൂത്ത് വിംഗ് എറണാകുളം നിയോജക മണ്ഡലം പ്രസിഡന്റ് പ്രദീപ് ജോസ് അധ്യക്ഷത വഹിച്ചു. സാമൂഹ്യ പ്രവർത്തനങ്ങൾക്കായി എറണാകുളം യൂത്ത് വിംഗ് നിയോജക മണ്ഡലം കമ്മിറ്റിയുടെ നേതൃത്വത്തിൽ പുറത്തിറക്കിയ ക്രിസ്തുമസ്, ന്യൂയർ സമ്മാന കൂപ്പൺ പ്രകാശനവും അഡ്വ.എ.ജെ റിയാസ് ചടങ്ങിൽ നിർവ്വഹിച്ചു. കേരള വ്യാപാരി വ്യവസായി ഏകോപന സമിതി എറണാകുളം നിയോജക മണ്ഡലം ജനറൽ സെക്രട്ടറി എഡ്വേഡ് ഫോസ്റ്റസ് , ജംഷീർ വി, ടിജോ തോമസ് തുടങ്ങിയവർ സംസാരിച്ചു. ഫൈസൽ പി.പി, ഷിഹാബ് വി.എ, ടെൻസൻ തേവര, ബിനു തേവര, അൻസാരി ചേരാനല്ലൂർ, ജലീൽ ചിറ്റൂർ, ഡിജോ എളമക്കര, സതീശൻ ചേരാനല്ലൂർ തുടങ്ങിയവർ പങ്കെടുത്തു.

# വികസിത് ഭാരത് സങ്കൽപ്പ് യാത്ര പനച്ചിക്കാട് പഞ്ചായത്തിൽ സംഘടിപ്പിച്ചു

**തിരുവനന്തപുരം** : കേന്ദ്ര ഗവൺമെന്റിന്റെ വികസന പദ്ധതികളും ജനക്ഷേമ പദ്ധതികളും സമൂഹത്തിന്റെ എല്ലാ മേഖലകളിലും എത്തിക്കുക എന്ന ലക്ഷ്യത്തോടെ ആവിഷ്കരിച്ച് നടപ്പാക്കുന്ന വികസിത് ഭാരത് സങ്കൽപ്പ് യാത്ര കോട്ടയം ജില്ലയിലെ പനച്ചിക്കാട് ഗ്രാമ പഞ്ചായത്തിൽ ഇന്ന് രാവിലെ നടന്നു. പനച്ചിക്കാട് ഗ്രാമ പഞ്ചായത്ത് മെമ്പർ ശ്രീ. ജയൻ കല്ലുങ്കൽ സ്വാഗതം ആശംസിച്ചു. ലീഡ് ബാങ്ക് മാനേജർ ശ്രീ. അലക്സ് ഇ എം അധ്യക്ഷനായിരുന്നു.

എഫ് സി ഐ ഡിവിഷണൽ മാനേജർ ശ്രീ. എൻ രാജേഷ് യോഗനടപടികൾ ഉത്ഘാടനം ചെയ്തു. പനച്ചിക്കാട് ഗ്രാമപഞ്ചായത്ത് മെമ്പർമാരായ ശ്രീ എൻ കെ കേശവൻ, ഡ്യ. ലിജി വിജയകുമാർ, ശ്രീമതി സുമ മുകുന്ദൻ, ശ്രീമതി പസീദ സി. രാജു, വ്യാപാരി വ്യവസായി പ്രതിനിധി ശ്രീ പി എൻ വിശ്വംഭരൻ നായർ, ശ്രീ. കെ ജി. ജയകൃഷ്ണൻ എന്നിവർ സംസാരിച്ചു.

മെമ്പർ ശ്രീമതി പസീദ സി രാജു സത്യവാചകം ചൊല്ലിക്കൊടുത്തു. ഫാക്ട് പ്രതിനിധി ശ്രീമതി അലീന ചാക്കോ നാനോ യൂറിയ സമീകൃത വളപ്രയോഗം, ഡ്രോൺ ഉപയോഗം എന്നിവ വിവരിച്ചു. കൃഷി വിജ്ഞാൻ കേന്ദ്ര അസിസ്റ്റന്റ് പ്രൊഫസർ ശ്രീ. മാനുൽ അലക്സാണ്ടർ ചടങ്ങിൽ സംസാരിച്ചു. ശ്രീ കലാഭവൻ ജോഷി സംഗീതധാര വേദിയിൽ അവതരിപ്പിച്ചു.

പ്രമുഖ കർഷകരെയും വഴിയോര കച്ചവടക്കാരെയും വേദിയിൽ ആദരിച്ചു.

മൂകാംബിക ഗ്യാസ് ഏജൻസി പി എം ഉജ്ജ്വല പദ്ധതിയിൽ പുതുതായി ചേർത്തു. വിവിധ വകുപ്പുകൾ സ്റ്റാളുകൾ ഇട്ട് പദ്ധതികൾ വിവരിക്കുകയും പദ്ധതികളുടെ ഗുണഭോക്താക്കളാക്കുകയും ചെയ്തു. കാനറാ ബാങ്ക് ബ്രാഞ്ച് മാനേജർ ശ്രീ ബിച്ചു പി ബിജു ചടങ്ങിൽ നന്ദി അറിയിച്ചു.

# 600 ആരോഗ്യ സ്ഥാപനങ്ങളിൽ ഇ ഹെൽത്ത് സംവിധാനം

**തിരുവനന്തപുരം:** സംസ്ഥാനത്തെ 600 ആരോഗ്യ സ്ഥാപനങ്ങളിൽ ഇ ഹെൽത്ത് സംവിധാനം സജ്ജമായതായി ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. അതിൽ 393 ആശുപത്രികളിലും ഇ ഹെൽത്ത് സംവിധാനം സജ്ജമാക്കിയത് ഈ സർക്കാരിന്റെ കാലത്താണ്. 16 മെഡിക്കൽ കോളേജുകളും അനുബന്ധ ആശുപത്രികളും കൂടാതെ 18 ജില്ല, ജനറൽ ആശുപത്രികൾ, 22 താലൂക്ക് ആശുപത്രികൾ, 27 സാമൂഹികാരോഗ്യ കേന്ദ്രങ്ങൾ, 453 കുടുംബാരോഗ്യ കേന്ദ്രങ്ങൾ, 49 അർബൻ പ്രൈമറി ഹെൽത്ത് സെന്റർ, 10 സ്പെഷ്യാലിറ്റി ആശുപത്രികൾ, 2 പബ്ലിക് ഹെൽത്ത് ലാബ്, 3 മറ്റ് ആരോഗ്യ കേന്ദ്രങ്ങൾ എന്നിവിടങ്ങളിലാണ് ഇ ഹെൽത്ത് നടപ്പിലാക്കിയത്. 130 ആരോഗ്യ കേന്ദ്രങ്ങളിൽ കൂടി ഇ ഹെൽത്ത് പ്രവർത്തനങ്ങൾ അന്തിമഘട്ടത്തിലാണെന്നും മന്ത്രി വ്യക്തമാക്കി.

ആരോഗ്യ മേഖലയിൽ ഡിജിറ്റൽ ഹെൽത്ത് നടപ്പിലാക്കുന്നതിനായി വലിയ പ്രയത്നമാണ് നടത്തി വരുന്നത്. ആരോഗ്യ സ്ഥാപനങ്ങളെ ആധുനികവത്ക്കരിക്കാൻ 7.85 കോടി രൂപയുടെ ഭരണാനുമതി അടുത്തിടെ നൽകിയിരുന്നു. ഇ ഹെൽത്തിലൂടെ ഓൺലൈൻ ഒപി ടിക്കറ്റും പേപ്പർ രഹിത ആശുപത്രി സേവനങ്ങളും യാഥാർത്ഥ്യമാക്കി. ജീവിതശൈലീ രോഗനിർണയത്തിന് ശൈലീ ആപ്പ് ആവിഷ്ക്കരിച്ചു. ആർദ്രം ജനകീയ കാമ്പയിനിലൂടെ ഒന്നര കോടിയിലധികം പേരെ ആരോഗ്യ പ്രവർത്തകർ വീട്ടിലെത്തി സ്ക്രീനിംഗ് നടത്തി. കാൻസർ രോഗനിർണയത്തിനും കാൻസർ ചികിത്സ ഏകോപിപ്പിക്കുന്നതിനും കാൻസർ ഗ്രിഡ്, കാൻസർ കെയർ സ്യൂട്ട് നടപ്പിലാക്കി വരുന്നു. വിപുലമായ ഇ സഞ്ജീവനി സേവനങ്ങൾ ലഭ്യമാക്കി. ലാബ് റിസൾട്ട് എസ്.എം.എസ്. ആയി ലഭിക്കുന്ന സംവിധാനം ലഭ്യമാക്കി. ഹൃദ്യം, ആശാധാര പദ്ധതികളുടെ സേവനം ഓൺലൈൻ വഴിയാക്കി. ആശാധാര പദ്ധതിയുടെ ഡിജിറ്റൽ പ്ലാറ്റ്ഫോമിന് അടുത്തിടെ ദേശീയ ഡിജിറ്റൽ ട്രാൻസ്ഫോർമേഷൻ അവാർഡ് ലഭിച്ചിരുന്നു.

ഇ ഹെൽത്ത് വഴിയുള്ള സേവനങ്ങൾ ലഭിക്കുവാൻ ആദ്യമായി തിരിച്ചറിയിൽ നമ്പർ സൃഷ്ടിക്കണം. അതിനായി https://ehealth.kerala.gov.in എന്ന പോർട്ടലിൽ കയറി രജിസ്റ്റർ ലിങ്ക് ക്ലിക്ക് ചെയ്യണം. അതിൽ ആധാർ നമ്പർ നൽകുക. തുടർന്ന് ആധാർ രജിസ്റ്റർ ചെയ്ത നമ്പരിൽ ഒടിപി വരും. ഈ ഒടിപി നൽകുമ്പോൾ ഓൺലൈൻ വ്യക്തിഗത ആരോഗ്യ തിരിച്ചറിയൽ നമ്പർ ലഭ്യമാകും. ഇത് പോർട്ടൽ വഴി ഡൌൺലോഡ് ചെയ്യാവുന്നതാണ്.

ആദ്യതവണ ലോഗിൻ ചെയ്യുമ്പോൾ ഇത്തരത്തിലുള്ള 16 അക്ക വ്യക്തിഗത ആരോഗ്യ തിരിച്ചറിയൽ നമ്പറും പാസ് വേർഡും മൊബൈലിൽ മെസേജായി ലഭിക്കും. ഈ തിരിച്ചറിയൽ നമ്പറും പാസ് വേർഡും ഉപയോഗിച്ച് ആശുപത്രികളിലേക്കുള്ള നിശ്ചിത തീയതിയിലും സമയത്തുമുള്ള അപ്പോയ്മെന്റ് എടുക്കാൻ സാധിക്കും.

ഒരു വ്യക്തിക്ക് ലഭിച്ച തിരിച്ചറിയൽ നമ്പരും പാസ് വേർഡും ഉപയോഗിച്ച് പോർട്ടലിൽ ലോഗിൻ ചെയ്ത ശേഷം ന്യൂ അപ്പോയ്മെന്റ് ക്ലിക്ക് ചെയ്യുക. റെഫറൽ ആണെങ്കിൽ ആ വിവരം രേഖപെടുത്തിയ ശേഷം ആശുപത്രി വിവരങ്ങളും ഡിപ്പാർട്ട്മെന്റും തെരഞ്ഞെടുക്കുക.

